بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد
وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 5 | ലക്കം 9

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി 27 ഹി.ശം. 1399 തബ്ലീഗ് 27/1441 റജബ് 02

## അല്ലാഹുവിന്റെ വചനം

وَلَا یَحۡزُنۡکَ الَّذِیۡنَ یُسَارِعُوۡنَ فِی الۡکُفۡرِ ۚ اِنَّہُمۡ لَنۡ یَّضُرُّوا اللّٰہَ شَیۡـًٔا ؕ یُرِیۡدُ اللّٰہُ اَلَّا یَجۡعَلَ لَہُمۡ حَظًّا فِی الۡاٰخِرَۃِ ۚ وَلَہُمۡ عَذَابٌ عَظِیۡمٌ ○ (آل عمران:177)

അവിശ്വാസത്തിൽ ധിറുതിപ്പെട്ട് ഓടിച്ചെല്ലുന്നവർ നിന്നെ വ്യാകുലപ്പെടുത്താതിരിക്കട്ടെ. അവർ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തിവെക്കുകയില്ല. പരലോകത്ത് അവർ ഒരുവിധ ഓഹരിയും വെക്കരുതെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. അവർക്ക് കഠിനമായ ശിക്ഷ ഉണ്ടാകുന്നതുമാണ്.(3:177)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നബി(സ)തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ**
**അത് ദർശനത്തിന്റെയും അനുഭവത്തിന്റെയും ഉരകല്ലിൽ നോക്കുമ്പോൾ**
**തികഞ്ഞ നിലവാരമുള്ളതായി സ്ഥാപിക്കപ്പെട്ടു. അത് കേവലം പറച്ചിലുകൾ മാത്രമല്ലായിരുന്നു.**
**പ്രത്യുത അതിന്റെ സത്യസാക്ഷ്യത്തിന്റെ തെളിവ് നമ്മുടെ കൈയിലുണ്ട്;**
**എഞ്ചിനിയറിംഗിന്റേയും ഗണിതത്തിന്റേയും അടിസ്ഥാനപരമായ തത്ത്വങ്ങൾ**
**ശരിയും ദൃഢപരവുമായിരിക്കുന്നതുപോലെ!**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## നബി(സ) തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവങ്ങൾ

ഏറ്റവും തികവുറ്റ മാതൃകയും ഉദാഹരണവും നബി(സ)തിരുമേനിയാണ്. അദ്ദേഹം എല്ലാ ഉത്കൃഷ്ട സ്വഭാവങ്ങളിലും പരിപൂർണനായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ തേജോവിലാസത്തെ കുറിച്ച് പറഞ്ഞത്: *ഇന്നക്ക ലഅലാ ഖുലുഖിൻ അളീം.* (നീ മഹത്തായ ധാർമികഗുണങ്ങളുള്ളവൻ തന്നെയാണ്) (68:5).

ഒരു കാലത്ത് അവിടന്ന് സാഹതീയമായ വിവരണംകൊണ്ട് ഒരു സംഘത്തെ ചിത്രത്തിന്റെ രൂപത്തിൽ അത്ഭുതപ്പെടുത്തിക്കൊണ്ടിരുന്നു. പിന്നെ ഒരു കാലംവരുന്നു. അതായത് അമ്പുകളുടേയും വാളുകളുടേയും രംഗത്ത് അതിയായ ധീരത കാണിക്കുന്നു. ദാനധർമങ്ങളിൽ വരുമ്പോൾ സ്വർണത്തിന്റെ മല നല്കുന്നു. സഹിഷ്ണുതയിൽ തന്റെ മഹിമാവിലാസം കാണിക്കുന്നു. അപ്പോൾ നിർബന്ധമായും വധിക്കപ്പെടേണ്ടവനെ വിട്ടയക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നബി(സ)തിരുമേനിയുടെ അതുല്യവും അനുപമവുമായ മാതൃകയാണ് അല്ലാഹു കാണിച്ചത്. അതിന്റെ ഉദാഹരണം ഒരു മഹത്തായ വൃക്ഷത്തിന്റേതാണ്; അതിന്റെ തണലിലിരുന്ന് മനുഷ്യൻ അവന്റെ ഓരോ ഭാഗവുംകൊണ്ട് തന്റെ ആവശ്യങ്ങളെ പൂർത്തിയാക്കുന്നു. അതിന്റെ പഴം, അതിന്റെ പൂവ്, അതിന്റെ തൊലി, അതിന്റെ ഇലകൾ എല്ലാം ഫലപ്രദമാണ്. നബി(സ)തിരുമേനി ആ മഹത്തായ വൃക്ഷത്തിന്റെ ഉദാഹരണമാണ്. അതിന്റെ തണൽ എങ്ങനെയുള്ളതാണെന്നാൽ, കോടിക്കണക്കിന് സൃഷ്ടികൾ അതിൽ കോഴിയുടെ ചിറകുകൾപോലെ സുഖവും അഭയവും തേടുന്നു. നബി(സ)തിരുമേനിയുടെ അടുത്തുണ്ടായിരുന്നവർ യുദ്ധത്തിൽ ഏറ്റവും വലിയ ധൈര്യശാലിയായി അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നു; എന്തുകൊണ്ടെന്നാൽ ആ മഹാത്മാവ് ഭയാനകമായ സ്ഥലത്താണുണ്ടായിരുന്നത്. സുബ്ഹാനല്ലാഹ്! എന്തൊരു പ്രൗഢിയാണ്. ഉഹുദിൽ നോക്കുക. വാളുകൾക്കുമേൽ വാളുകൾ പതിക്കുന്നു. സ്വഹാബാക്കൾക്ക് അസഹ്യമാംവിധം ഘോരയുദ്ധമാണ് നടന്നുകൊണ്ടിരുന്നത്. എന്നാൽ, ഈ വീരപുരുഷൻ രണാങ്കണത്തിൽ നെഞ്ചുവിരിച്ച് പോരാടിക്കൊണ്ടിരിക്കുന്നു. അതിൽ സ്വഹാബത്തിന്റെ തെറ്റൊന്നുമുണ്ടായിരുന്നില്ല. അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു. എന്നാല്ല നബി(സ)തിരുമേനിയുടെ ധൈര്യത്തിന്റെ മാതൃക കാണിക്കുക എന്നതായിരുന്നു അതിലുണ്ടായിരുന്ന രഹസ്യം. ഒരവസരത്തിൽ വാളുകൾക്കുമേൽ വാളുകൾ പതിച്ചുകൊണ്ടിരുന്നു. അവിടന്ന് നുബുവ്വത്ത് വാദിച്ചുകൊണ്ടിരുന്നു; അതായത് താൻ മുഹമ്മദ് റസൂലുല്ലാഹ് ആണെന്ന് പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്തിന്റെ നെറ്റിയിൽ എഴുപത് മുറിവുണ്ടായി; മുറിവുകൾ സാരമായിരുന്നില്ല.

ഒരു കാലം വരുന്നു. അദ്ദേഹത്തിന്റെ കൈയിൽ ഖയ്സറിനേയും കിസ്റായേയും വെല്ലുന്നരീതിയിൽ കന്നുകാലികളുണ്ടായിരുന്നു. അവിടന്ന് അതെല്ലാം ഒരു യാചകന് നല്കി. കൈയിലില്ലായിരുന്നെങ്കിൽ എന്തുകൊടുക്കാനാണ്? ഭരണമില്ലായിരുന്നെങ്കിൽ, ശക്തിയും പ്രതാപവും ആധിപത്യവും ഉണ്ടായിട്ടും നിർബന്ധമായും വധിക്കപ്പെടേണ്ടവന് പൊറുത്തുകൊടുത്തുവെന്ന് എങ്ങനെ സ്ഥാപിതമാകാനാണ്? അവരാണെങ്കിൽ ആദരണീയസ്വാഹാബത്തിനേയും നബി(സ) തിരുമേനിയെതന്നെയും മുസ്‌ലിം സ്ത്രീകളേയും അതികഠിനമായി ദ്രോഹിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തവരായിരുന്നു. അവർ മുമ്പിൽ വന്നപ്പോൾ അവിടന്ന്(സ) പറഞ്ഞു: *ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ* ഞാനിന്ന് നിങ്ങൾക്കു പൊറുത്തുതന്നിരിക്കുന്നു. അത്തരം അവസരം കിട്ടിയിരുന്നില്ലെങ്കിൽ ഹുദൂർ(സ)ന്റെ അത്തരം ഉത്കൃഷ്ടമായ സ്വഭാവങ്ങൾ എങ്ങനെ വെളിപ്പെടാനാണ്? ഈ തേജോവിലാസം ആ മഹാത്മാവിന്റേതുമാത്രമാണ്. ആ ധന്യാത്മാവിൽ ഇല്ലാത്തതായ എന്തെങ്കിലും ഉത്കൃഷ്ട സ്വഭാവം പറയുക; അതും തികവുറ്റതായ നിലയിൽ!

ഹദ്റത്ത് മസീഹ്(അ)ന്റെ ജീവിതത്തെ കണ്ട് അദ്ദേഹത്തിന്റെ ഉത്കൃഷ്ട സ്വഭാവങ്ങൾ തികച്ചും മറഞ്ഞതുതന്നെയിരുന്നുവെന്ന് പറയേണ്ടതായി വരുന്നു. സർക്കാരിന്റെ അടുത്ത് കസേരകൾ ലഭിച്ചിരുന്നവരും ദ്രോഹികളായ യഹൂദി റോമൻ സർക്കാരും ദ്രോഹികളായ യഹൂദി സംഘത്തെ ആദരിച്ചിരുന്നു. മസീഹിനെ ബുദ്ധിമുട്ടിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന് ആധിപത്യം ഉണ്ടായിരിക്കെ, പ്രതികാരത്തെ മാപ്പുകൊടുത്ത് വിട്ടു കാണിച്ചതായുള്ള ഒരു അവസരവും കാണുന്നില്ല. എന്നാൽ, ഇതിന്നെതിരിൽ നബി(സ)തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അത് ദർശനത്തിന്റെയും അനുഭവത്തിന്റെയും ഉരകല്ലിൽ നോക്കുമ്പോൾ തികഞ്ഞ നിലവാരമുള്ളതായി സ്ഥാപിക്കപ്പെട്ടു. അത് കേവലം പറച്ചിലുകൾ മാത്രമല്ലായിരുന്നു. പ്രത്യുത അതിന്റെ സത്യസാക്ഷ്യത്തിന്റെ തെളിവ് നമ്മുടെ കൈയിലുണ്ട്; എഞ്ചിനിയറിംഗിന്റേയും ഗണിതത്തിന്റേയും അടിസ്ഥാനപരമായ തത്ത്വങ്ങൾ ശരിയും ദൃഢപരവുമായിരിക്കുന്നതുപോലെ! രണ്ടും രണ്ടും നാല് എന്നതുപോലെ നമുക്ക് അത് സ്ഥാപിക്കാൻ കഴിയും. പക്ഷേ, മറ്റൊരു നബിയുടേയും പിൻഗാമിക്ക് അങ്ങനെ ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ടാണ് അവിടത്തെ(സ) ഉദാഹരണം വേരും, തൊലിയും പഴവും പൂവും ഇലയും തുടങ്ങി എല്ലാം ഫലപ്രദമായിട്ടുള്ളതും അങ്ങേയറ്റം പ്രയോജനമായിട്ടുള്ളതും, സൗഖ്യം നല്കുന്നതും സന്തോഷം പകരുന്നതുമായ ഒരു വൃക്ഷത്തോടു നല്കിയത്. പ്രപഞ്ചത്തിന്റെ നേതാവായ ജനാബ് നബി(സ)തിരുമേനിയുടെ വേർപാടിനുശേഷം ഉമ്മത്തിൽ ഒരു ഭിന്നിപ്പുണ്ടായി. അതുകൊണ്ട് ആ സംഘടിതമായ ഉത്കൃഷ്ട സ്വഭാവവും അവശേഷിച്ചില്ല. മറിച്ച് വെവ്വേറെ വിവിധ നിലയിൽ ആ സംഹിതയും ഉത്കൃഷ്ട സ്വഭാവങ്ങളും വ്യാപിച്ചു. അതുകൊണ്ട് ചിലയാളുകൾക്ക് ചില സൽസ്വഭാവങ്ങളെ സുഗമമായി നടപ്പിൽ വരുത്താൻ കഴിയുന്നു.

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

**നിങ്ങളുടെ മാതൃകകൾ മെച്ചപ്പെടുത്തുക. വെറും പേരിന് അഹ്മദിയായാൽ പോര. നിങ്ങളുടെ ഉള്ളിൽ ദൈവഭക്തി ഉണ്ടാക്കുക. തഖ്‌വ അഥവാ ദൈവഭക്തി പേര് കൊണ്ടല്ല. പ്രത്യുത സൽകർമങ്ങൾ കൊണ്ടാണുണ്ടാകുന്നത്.**

**അല്ലാഹുവിനോടുള്ള ആരാധനയുടെ ബാധ്യത നിറവേറ്റപ്പെടുന്നത് നമസ്കാരത്തെ നമ്മൾ നിലനിറുത്തുന്നവരാകുമ്പോഴാണ്. ഓരോ അഹ്മദിയും തന്റെ നമസ്കാരങ്ങൾ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.**

**നിങ്ങൾ സ്വയം നമസ്കാരം നിലനിറുത്തുന്നവരാകുകയാണെങ്കിൽ നിങ്ങളുടെ മക്കളേയും നമസ്കാരത്തിൽ നിലനിറുത്തുന്നവരാക്കിത്തീർക്കും. അങ്ങനെ നിങ്ങളുടെ എല്ലാ ശിക്ഷണപരമായ പ്രശ്നങ്ങളും സ്വയമേവ പരിഹരിക്കപ്പെടുന്നതായിരിക്കും.**

## 2019 ജൂൺ 21 മുതൽ 23 വരെ സംഘടിപ്പിച്ച ഇറ്റലി ജൽസ സാലാനയിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം

بسم اللہ الرحمٰن الرحیم

نحمدہ و نصلی علیٰ رسولہ الکریم وعلیٰ عبدہ المسیح الموعود

*ഖുദാകെ ഫള്ൽ ഔർ റഹം കെ സാഥ്*
*ഹുവന്നാസിർ*

ഇറ്റലിയിലെ എന്റെ പ്രിയപ്പെട്ട ജമാഅത്ത് സഹോദരങ്ങളേ!

*അസ്സലാമു അലയ്ക്കും. വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.*

അൽഹംദുലില്ലാഹ്. ഇറ്റലി അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ജൽസാസാലാന സംഘടിപ്പിക്കാനുള്ള സൗഭാഗ്യം കിട്ടുകയാണ്. അല്ലാഹു നിങ്ങളുടെ ഈ ജൽസ എല്ലാവിധത്തിലും വിജയപ്രദമാക്കുമാറാകട്ടെ. നിങ്ങൾക്ക് ഈ ആത്മീയാനുഗ്രഹങ്ങളിൽനിന്ന് പൂർണമായും ഫലമെടുക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഓർമിക്കുക. ഈ ജൽസ ഒരു മതപരമായ സമ്മേളനമാണ്. ഇതിൽ പങ്കെടുക്കുന്നവർ ദിക്റെ ഇലാഹിയിലും തസ്ബീഹിലും തഹ്മീദിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾതന്നെ നിങ്ങൾക്ക് റമളാനിലെ അനുഗൃഹീതമാസത്തിൽ നോമ്പു പിടിക്കുന്നതിനും ആരാധനാകർമങ്ങളനുഷ്ഠിക്കുന്നതിനും തൗഫീഖ് കിട്ടി. എനിക്ക് നിങ്ങൾക്ക് തരാനുള്ള സന്ദേശമിതാണ്. റമളാനിലെ ആ ആരാധനകളേയും നല്ല മാറ്റങ്ങളേയും നിങ്ങളുടെ ഭാവി ജീവിതത്തിന്റെ സുസ്ഥിരമായ ഭാഗമാക്കുക. നിങ്ങളുടെ മാതൃകകൾ മെച്ചപ്പെടുത്തുക. വെറും പേരിന് അഹ്മദിയായാൽ പോര. നിങ്ങളുടെ ഉള്ളിൽ ദൈവഭക്തി ഉണ്ടാക്കുക. തഖ്‌വ അഥവാ ദൈവഭക്തി പേര് കൊണ്ടല്ല. പ്രത്യുത സൽകർമങ്ങൾ കൊണ്ടാണുണ്ടാകുന്നത്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു എന്നെ ഏതു കാര്യത്തിനുവേണ്ടിയാണോ നിയോഗിച്ചിട്ടുള്ളത് അത് ഇതാണ്; തഖ്‌വയുടെ മൈതാനം കാലിയായി കിടക്കുകയാണ്. തഖ്‌വ ഉണ്ടാകേണ്ടതാണ്. നിങ്ങൾ തഖ്‌വ ഉള്ളവരാകുകയാണെങ്കിൽ, മുഴുലോകവും നിങ്ങളോടൊപ്പമുണ്ടാകും. അതിനാൽ തഖ്‌വ ഉണ്ടാക്കുക. മദ്യപിക്കുന്നവർ അല്ലെങ്കിൽ ആരുടെ മതത്തിന്റെ ചിഹ്നങ്ങളിലാണോ മദ്യം ഏറ്റവും വലിയ ഭാഗമായിട്ടുള്ളത് അവർക്ക് തഖ്‌വയുമായി ഒരു ബന്ധവുമുണ്ടാകുകയില്ല. അവർ നന്മയോടു പോരാടിക്കൊണ്ടിരിക്കുന്നവരാണ്. അതിനാൽ അല്ലാഹു നമ്മുടെ ജമാഅത്തിനെ തിന്മകളോടു പോരാടിക്കൊണ്ടിരിക്കുന്ന ഭാഗ്യവാന്മാരാക്കുമാറാകട്ടെ. തഖ്‌വയിലും ത്വഹാറത്തിലും അഭിവൃദ്ധി നല്കുമാറാകട്ടെ. ഇതാണ് വലിയ വിജയം. ഇതിനെക്കാളുപരി ഒരു കാര്യവും സ്വാധീനം ചെലുത്തുന്നതാകുകയില്ല.' (മൽഫൂദാത്ത്, വാല്യം 2, പേജ് 645, 2003 ഖാദിയാൻ)

പിന്നീടുള്ളത് നമസ്കാരമാണ്. അതു പാലിക്കേണ്ടത് വളരെ നിർബന്ധമാണ്. അതിലേക്ക് ഞാൻ ആവർത്തിച്ച് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിനോടുള്ള ആരാധനയുടെ ബാധ്യത നിറവേറ്റപ്പെടുന്നത് നമസ്കാരത്തെ നമ്മൾ നിലനിറുത്തുന്നവരാകുമ്പോഴാണ്. ഓരോ അഹ്മദിയും തന്റെ നമസ്കാരങ്ങൾ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഉള്ളിൽ പാപങ്ങൾ നിറഞ്ഞവരേയും, അല്ലാഹുവിന്റെ മഅ്രിഫത്തിൽനിന്നും ഖുർബത്തിൽനിന്നും അകന്നുകിടക്കുന്നവരേയും പരിശുദ്ധരാക്കുന്നതും സമീപത്തുകൊണ്ടുവരുന്നതും നമസ്കാരമാണ്. ഈ മാർഗത്തിലൂടെ ആ തിന്മകളെ അകറ്റാൻ സാധിക്കും. അതിനുപകരം പരിശുദ്ധ വികാരങ്ങൾ നിറയ്ക്കപ്പെടുന്നു. നമസ്കാരം തിന്മകളെ അകറ്റുന്നു എന്ന് പറയപ്പെട്ടതിന്റെ രഹസ്യമിതാണ്.' (മൽഫൂദാത്ത്, വാല്യം 5, പേജ് 93, 2003 ഖാദിയാൻ)

അതുകൊണ്ട് നിങ്ങൾ സ്വയമേവ നിങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിച്ചുനിറുത്തുക. നിങ്ങളുടെ മക്കളേയും നമസ്കാരങ്ങളിൽ നിലനിറുത്തുക. നിങ്ങൾ നമസ്കാരം അനുഷ്ഠിക്കുക എന്നത് പാലിക്കാത്തിടത്തോളം നിങ്ങളുടെ കർമപരമായ മാതൃക അവതരിപ്പിക്കാത്തിടത്തോളം നിങ്ങളുടെ മക്കളും നമസ്കാരങ്ങളിൽ നിലകൊള്ളുകയില്ല. നിങ്ങൾ സ്വയം നമസ്കാരം നിലനിറുത്തുന്നവരാകുകയാണെങ്കിൽ നിങ്ങളുടെ മക്കളേയും നമസ്കാരത്തിൽ നിലനിറുത്തുന്നവരാക്കിത്തീർക്കും. അങ്ങനെ നിങ്ങളുടെ എല്ലാ ശിക്ഷണപരമായ പ്രശ്നങ്ങളും സ്വയമേവ പരിഹരിക്കപ്പെടുന്നതായിരിക്കും.

ആത്മാവിന്റെ പരിഷ്കരണം നിരന്തരമുള്ള ഒരു ജിഹാദാണ്; അത് തുടർച്ചയായി ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റങ്ങൾ ഉണ്ടാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. നിങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. നിങ്ങൾ എപ്പോഴും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ, ഒപ്പ്

(മിർസാ മസ്റൂർ അഹ്മദ്)
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**(2019 സെപ്തംബർ 20 ന് പ്രസിദ്ധീകരിച്ച അൽഫള്ൽ ഇന്റർനാഷണൽ പത്രത്തോട് കടപ്പാട്. )**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് നകാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: ഇബ്നു റവാഹേ! അല്ലാഹു താങ്കളെ ഉറപ്പിച്ചു നിറുത്തുമാറാകട്ടെ.
ഹിശാം ബിൻ ഉർവ പറഞ്ഞു: അല്ലാഹു അദ്ദേഹത്തെ ഈ ദുആയുടെ അനുഗ്രഹംകൊണ്ട് നല്ലവണ്ണം ഉറപ്പിച്ചു നിറുത്തി.
ഏതുവരെയെന്നാൽ അദ്ദേഹം ശഹീദായി. അദ്ദേഹത്തിനുവേണ്ടി സ്വർഗകവാടങ്ങൾ തുറക്കപ്പെട്ടു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്‌രി സ്വഹാബി
**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ)യുടെ സംശുദ്ധമായ ജീവിതത്തിന്റെ ചർച്ച.**

മുപ്പതു വർഷത്തോളം ഫല്‌ളെ ഉമർ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ച, ദരിദ്രരുടെ പരിപാലകൻ,
ദുആ ചെയ്യുന്നയാളും ക്ഷമാശീലനും നന്ദിപ്രകടിപ്പിക്കുന്ന ദേഹവുമായ ഡോക്ടർ ലത്വീഫ് അഹ്മദ് ഖുറയ്ശിയുടെ
വേർപാടും പരേതനെക്കുറിച്ചുള്ള സ്മരണയും ജനാസഗാഇബും.

**ഖുത്ബ ജുമുഅ 2020 ജനുവരി 24/1400 സ്വുൽഹ് 24,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്(സർറെ),യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) എന്ന സ്വഹാബിയെ കുറിച്ചാണു വിവരിക്കുന്നത്. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവിന്റെ പേര് റവാഹ ബിൻ ഥഅ്ലബ എന്നും അദ്ദേഹത്തിന്റെ മാതാവിന്റെ പേര് കബ്ശ ബിൻത് വാഖിദ് ബിൻ അംറ് എന്നുമായിരുന്നു. അവർ അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ കുടുംബം ബനൂ ഹാരിഥ് ബിൻ ഖസ്റജിൽ നിന്നുള്ളവരായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ അഖ്ബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബനൂ ഹാരിഥ് ബിൻ ഖസ്റജിന്റെ നേതാവായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ മുഹമ്മദ് എന്നായിരുന്നു. ചിലർ അബൂ റവാഹ എന്നും അബൂ അംറ് എന്നും വിവരിച്ചിട്ടുണ്ട്.(ഉസുദുൽഗാബ വാള്യം 3, പേജ് 235, അബ്ദുല്ലാഹ് ബിൻ റവാഹ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബനാൻ 2008)

അൻസ്വാറിലെ ഒരു വ്യക്തിയിൽനിന്ന് നിവേദനം: നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ)യേയും ഹദ്റത്ത് മിഖ്ദാദ്(റ)നേയും സഹോദരന്മാരാക്കി. ഇബ്നു സഅ്ദ് പറഞ്ഞതനുസരിച്ച് അദ്ദേഹം നബി(സ)തിരുമേനിയുടെ വഹ്‌യ് എഴുതുന്ന ആളുമായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 4 പേജ് 73, അബ്ദുല്ലാഹ് ബിൻ റവാഹ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബനാൻ 2005)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും ഖൻദഖ് യുദ്ധത്തിലും ഹുദയ്ബിയ യുദ്ധത്തിലും ഖയ്ബർ യുദ്ധത്തിലും ഉംറത്തുൽഖളാ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹം മുഅത്തത്ത് യുദ്ധത്തിലാണ് ശഹീദായത്. മുഅത്തത്ത് യുദ്ധത്തിലെ നേതാക്കന്മാരിൽപ്പെട്ട ഒരു നേതാവ് അദ്ദേഹവുമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ), നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. തദവസരത്തിൽ നബി(സ)തിരുമേനി ഖുത്ബ നല്കുകയായിരുന്നു. ഖുത്ബയുടെ ഇടയിൽ അവിടന്ന് പറഞ്ഞു: 'ഇരിക്കുക.' അതു കേട്ടപാടെ അദ്ദേഹം മസ്ജിദിനു പുറത്ത് എവിടെയാണോ ഉണ്ടായിരുന്നത് അവിടെ ഇരുന്നു. നബി(സ)തിരുമേനി ഖുത്ബ കൊടുത്ത് കഴിയുകയും ഈ വിവരം അവിടന്ന് അറിയുകയും ചെയ്തപ്പോൾ അവിടന്ന് (സ) അദ്ദേഹത്തോടു പറഞ്ഞു:

*സാദക്കല്ലാഹു ഹിർസ്വൻ അലാ*
*ത്വവായിയത്തി റസൂലിഹി*

അല്ലാഹുവിനോടുള്ള അനുസരണത്തിന്റെയും അവന്റെ റസൂലിനോടുള്ള അനുസരണത്തിന്റെയും ആഗ്രഹം അല്ലാഹു നിന്നിൽ വർധിപ്പിക്കുമാറാകട്ടെ.

ഇതുപോലത്തെ സംഭവം ഹദീഥ് ഗ്രന്ഥങ്ങളിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനെ സംബന്ധിച്ചും ലഭിക്കുന്നുണ്ട്. ഈ സംഭവം അദ്ദേഹത്തെ ഉദ്ധരിച്ച് ഒരു ഖുത്ബയിൽ ഞാൻ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനെ സംബന്ധിച്ചും ഇതേ നിവേദനമുണ്ട്. അദ്ദേഹം വെളിയിലിരുന്നിരുന്നു. കേട്ടപ്പോൾ വാതിൽക്കൽത്തന്നെ ഇരുന്നു. പിന്നീട് അങ്ങനെ ഇരുന്നിരുന്ന് ഉള്ളിൽവന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ജിഹാദിന് ഏറ്റവും ആദ്യം വീട്ടിൽനിന്നു പുറപ്പെടുകയും ഏറ്റവും അവസാനം തിരിച്ചെത്തുകയുമാണ് ചെയ്തിരുന്നത്. ഹദ്റത്ത് അബൂദർദ്ദാഅ്(റ) പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെകുറിച്ച് പ്രതിപാദിക്കാതെ കടന്നുപോകുന്ന ആ ദിവസത്തെകൊണ്ട് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു. അദ്ദേഹം മുന്നിലൂടെ വന്ന് എന്നെ കാണുമ്പോൾ എന്റെ നെഞ്ചിൽ കൈവെക്കുമായിരുന്നു. അതായത് എങ്ങനെയായിരുന്നുവെന്നാൽ ഓരോ ദിവസവും മുന്നിലൂടെ വന്ന് എന്നെ കണ്ടുമുട്ടുമ്പോഴെല്ലാം അങ്ങനെയായിരുന്നു ചെയ്തിരുന്നത്. അദ്ദേഹത്തെ പറ്റി പറയേണ്ടത് അനിവാര്യമാണ്. പിന്നീട് പറയുന്നു: എപ്പോഴെല്ലാം എന്നെ കാണുന്നതിനുവേണ്ടി മുന്നിലൂടെ വരുമോ അപ്പോഴെല്ലാം അദ്ദേഹം എന്റെ നെഞ്ചിൽ കൈ വെക്കുമായിരുന്നു. അബൂദർദ്ദാഅ്(റ) പറയുന്നു: എന്നെ കണ്ടു തിരിച്ചു പോകുമ്പോൾ എന്റെ തോളുകളുടെ മധ്യത്തിൽ കൈ വെക്കുകയും എന്നോട് ഇപ്രകാരം പറയകയും ചെയ്തിരുന്നു: യാ ഉവയ്മിർ! ഇജ്‌ലിസ് ഫൽനുഅ്മിൻ സാഅത്തൻ 'ഉവയ്മിറേ! ഇരിക്കൂ. അല്പനേരത്തേക്ക് നമുക്ക് ഈമാനെ പുതുക്കാം.' അങ്ങനെ ഞങ്ങൾ ഇരിക്കുകയും അല്ലാഹു ഇച്ഛിക്കുന്നതുവരെ അല്ലാഹുവിന്റെ ദിക്റിൽ മുഴുകുകയും ചെയ്യും. പിന്നെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) പറയും: 'ഉവയ്മിറേ! ഇത് ഈമാനിന്റെ സദസ്സുകളാകുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹാബ വാള്യം 3, പേജ് 235–236, അബ്ദുല്ലാഹ് ബിൻ റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2008)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാള്യം 3, പേജ് 34, അബ്ദുല്ലാഹ് ബിൻ റവാഹ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2010)(സുനൻ അബീദാവൂദ് കിതാബുസ്സ്വലാത്ത്, ഹദീഥ് 1091)

ഹദ്റത്ത് ഇമാം അഹ്മദിന്റെ ഗ്രന്ഥമായ കിതാബുൽ സുഹ്ദിൽ വിവരിക്കുന്നു, 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ഏതെങ്കിലും തന്റെ സുഹൃത്തിനെ കണ്ടുമുട്ടുമ്പോൾ 'വരൂ നമുക്ക് അല്പനേരം നാഥന്റെ സ്മരണകൾ പുതുക്കാം' എന്ന് പറയും. അതിലുണ്ട്, നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹു ഇബ്നു റവാഹയുടെമേൽ കരുണ ചൊരിയുമാറാകട്ടെ. 'മലക്കുകൾ അഭിമാനം കൊള്ളുന്ന സദസ്സുകളോടാണ് അദ്ദേഹത്തിന് പ്രിയം."

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: നിഅ്മർറജുലു അബ്ദുല്ലാഹിബ്നു റവാഹത്ത ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എത്ര നല്ല മനുഷ്യനാണ്. ഖയ്ബറിലെ വിജയത്തിനുശേഷം വിളവുകളുടെയും ധാന്യങ്ങളുടെയും മറ്റും കണക്കു പരിശോധിക്കുന്നതിന് നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ അയച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എ

ത്രമാത്രം രോഗബാധിതനായെന്നാൽ, അദ്ദേഹത്തിന് ബോധമില്ലാതായി. നബി(സ)തിരുമേനി അദ്ദേഹത്തെ കാണുന്നതിന് വന്നു. അവിടന്ന് പറഞ്ഞു: 'അല്ലാഹുവേ! അദ്ദേഹത്തിന്റെ നിശ്ചിത സമയം അടുത്തെത്തിയെങ്കിൽ അദ്ദേഹത്തിന് എളുപ്പമാക്കിയാലും. ഇനി ആ നിശ്ചിത സമയം ഇതല്ലെങ്കിൽ അദ്ദേഹത്തിന് നീ ശിഫ നല്കിയാലും.' ആ ദുആയ്ക്കുശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ പനി അൽപം കുറഞ്ഞു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ രോഗി ആയിരുന്നപ്പോൾ എന്റെ മാതാവ് പറയുന്നുണ്ടായിരുന്നു: അല്ലയോ എന്റെ പർവ്വതമേ! അല്ലയോ എന്റെ താങ്ങായുള്ളവനേ! അപ്പോൾ ഞാനൊരു മലക്കിനെ കണ്ടു. അത് ഒരു ഇരുമ്പിന്റെ ഗദ പിടിച്ചിരുന്നു. എന്നിട്ട് പറഞ്ഞു: സത്യത്തിൽ നീ അങ്ങനെ ആയിരുന്നോ. ഞാൻ അതെയെന്നു പറഞ്ഞു. അപ്പോൾ അവൻ എന്നെ ഗദകൊണ്ട് അടിച്ചു.'

ഇതുസംബന്ധമായി മറ്റൊരു നിവേദനം ഇങ്ങനേയുമുണ്ട്. ഇത് കൂടുതൽ ശരിയാണെന്ന് തോന്നുന്നു. പറയുന്നു: മലക്ക് ഇരുമ്പുകൊണ്ടുള്ള ഒരു ഗദ കൈയിലെടുത്തിരുന്നു. എന്നിട്ട് നീ പർവതമാണെന്നും നീ എന്റെ തണലാണെന്നും നിന്റെ മാതാവ് പറയുന്നതുപോലെയാണോ നീ എന്ന് മലക്ക് എന്നോടു ചോദിച്ചു. ഇത് ശിർക്കുപരമായ കാര്യമാണല്ലോ. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) പറയുന്നു: ഞാൻ അങ്ങനെയാണെന്ന് പറയുകയാണെങ്കിൽ തീർച്ചയായും ആ മലക്ക് എന്നെ ഗദ എടത്ത് അടിക്കുമായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 417, അബ്ദുല്ലാഹ് ബിൻ റവാഹ(റ), ദാറുൽഫികർ 2012)

അദ്ദേഹം ഒരു കവിയും കൂടിയായിരുന്നു. നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്ന് അങ്ങയെ പരിഹസിച്ചിരുന്ന എതിരാളികൾക്കു മറുപടി നല്കിയിരുന്ന കവികളിൽ അദ്ദേഹവും ഉൾപ്പെടുന്നു. അതിലെ ചില കവിതാശകലങ്ങൾ ഇങ്ങനെയാണ്:

ഇന്നീ തഫർറസ്ത്തു ഫീക്കൽ ഖയ്റ അഅ്രിഫുഹു
വല്ലാഹു യഅ്ലമു അൻ മാ ഖാനനിൽബസ്വറു
അൻതന്നബിയ്യു വമൻ യുഹ്റം ശഫാഅത്തഹൂ
യൗമുൽ ഹിസാബി ഫഖദ് അസ്റ ബിഹിൽഖദ്റു
ഫഥബ്ബത്തല്ലാഹു മാ അത്താക്ക മിൻ ഹസനിൻ
തഥ്ബീത്ത മൂസാ വ നസ്വ്റൻ കല്ലദീ നുസ്വിറൂ

ഞാൻ അങ്ങയുടെ പവിത്രമായ സത്തയിൽ അതായത് നബി(സ)തിരുമേനിയുടെ സത്തയിൽ നന്മ തിരിച്ചറിഞ്ഞിരുന്നു. എന്റെ ദൃഷ്ടി വഞ്ചിക്കപ്പെട്ടിട്ടില്ലെന്ന് അല്ലാഹുവിന്നറിയാം. അങ്ങുന്ന്(സ) നബിയാണ്. ഖിയാമത്തുന്നാൾ അവിടത്തെ ശഫാഅത്ത് നിഷേധിക്കപ്പെട്ടവൻ നിസംശയം നിയതിനിയമം അവനെ മഹത്വമില്ലാത്തവനാക്കി. അല്ലാഹു താങ്കൾക്ക് നല്കിയ സവിശേഷഗുണങ്ങളിൽ സ്ഥൈര്യം പ്രദാനം ചെയ്യുമാറാകട്ടെ; മൂസായക്ക് സ്ഥൈര്യം നല്കിയതുപോലെ. അങ്ങയെ സഹായിക്കുമാറാകട്ടെ; ആ നബിമാരെ സഹായിച്ചതുപോലെ.

നബി(സ) തിരുമേനി ഈ കവിതകൾ കേട്ട് പറഞ്ഞു: 'ഇബ്നു റവാഹേ! അല്ലാഹു താങ്കൾക്ക് സ്ഥൈര്യം പ്രദാനം ചെയ്യട്ടെ.' ഹിശാം ബിൻ ഉർവ പറയുന്നു: 'അല്ലാഹു അദ്ദേഹത്തിന് ഈ ദുആ കാരണം തന്റെ അനുഗ്രഹത്താൽ സ്ഥൈര്യം പ്രദാനം ചെയ്തു. ഏതുവരെയെന്നാൽ അദ്ദേഹം ശഹീദാക്കപ്പെടുകയും അദ്ദേഹത്തിനായി സ്വർഗീയ വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു. ശഹീദായി അതിൽ പ്രവേശിച്ചു.

ഇബ്നു സഅ്ദ് നിവേദനം: *വശ്ശുഅ്റാഉ യത്തബിഉഹുമുൽ ഗാവൂൻ* എന്ന ഖുർആനിക വചനമിറങ്ങിയപ്പോൾ –അതായത് കവികളെ വഴിപിഴച്ചവരാണ് പിന്തുടരുക–(26:225) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ)പറഞ്ഞു: അല്ലാഹു നല്ലതുപോലെ അറിയുന്നവനാകുന്നു. ഞാൻ *ഇല്ലല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്ത്* അതായത് വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും ചെയ്യുന്നവരൊഴികെ(26:228) എന്നവരിൽപ്പെട്ടവനാകുന്നു. മുഅ്ജമുശ്ശുഅ്റായുടെ കർത്താവ് എഴുതുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ജാഹ്ലിയ്യാ കാലഘട്ടത്തിലും വലിയ പദവിയും ഉന്നതസ്ഥാനവും അലങ്കരിച്ചിരുന്നു. ഇസ്ലാമിക കാലഘട്ടത്തിലും അദ്ദേഹത്തിന് ഉന്നതമായ സ്ഥാനവും പദവിയും ലഭിച്ചിരുന്നു. നബി(സ)തിരുമേനിയുടെ മഹിമയെ വാഴ്ത്തിക്കൊണ്ട് ഒരു കവിത ഹദ്റത്ത് അബ്ദുല്ലാഹ് രചിച്ചു. അത് അദ്ദേഹത്തിന്റെ ഏറ്റവും ഉത്തമ രചനയെന്ന് പറയാവുന്നതാണ്. ആ വരികൾ അദ്ദേഹത്തിന്റെ മാനസികാവസ്ഥയെ നല്ലവണ്ണം വിവരിക്കുന്നുണ്ട്. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ്, നബി(സ) തിരുമേനിയെ സംബോധന ചെയ്തു കൊണ്ടു പറയുന്നു:

ലൗ ലം തകുൻ ഫീഹി ആയാത്തുൻ മുബയ്യിനത്തുൻ
കാനത്ത് ബദീഹത്തുഹു തുൻബീക്ക ബിൽഖയ്രി

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സ്വത്വത്തെ സംബന്ധിച്ച് വ്യക്തമായ അടയാളങ്ങളും തെളിമയാർന്ന് ദിവ്യദൃഷ്ടാന്തങ്ങളും ഇല്ലെങ്കിൽത്തന്നെ അവിടത്തെ(സ) സ്വത്വം തന്നെയാണ് യഥാർഥ അവസ്ഥ മനസ്സിലാക്കാൻ മതിയായത്.(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ വാള്യം 4 പേജ് 72–75 അബുദുല്ലാഹ് ബിൻ റവാഹ(റ), ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005). (ഉസുദുൽഗാബ വാള്യം 3, പേജ് 236, അബ്ദുല്ലാഹ് ബിൻ റവാഹ(റ). ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2008).(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 401, അബ്ദുല്ലാഹ് ബിൻ റവാഹ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1990)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ജാഹ്ലിയ്യാ കാലഘട്ടത്തിലും എഴുത്തും വായനയും അറിയുന്ന ആളായിരുന്നു. വാസ്തവത്തിൽ അക്കാലഘട്ടത്തിൽ അറബികളിൽ എഴുത്തറിയുന്നവർ വളരെ വിരളമായിരുന്നു. ബദ്ർ യുദ്ധത്തിന്റെ അവസാനത്തിൽ നബി(സ) തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ മദീനയിലേക്കും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ മദീനയുടെ ഉയർന്ന ഭാഗമായ അവാലിയുടെ ഭാഗത്തേക്കും വിജയവാർത്ത കേൾപ്പിക്കുന്നതിന് ബദ്റിന്റെ മൈതാനത്തുനിന്ന് അയക്കുകയുണ്ടായി. അവാലി മദീനയുടെ ഉയർന്ന ഭാഗത്ത് നാലുമൈലിനും എട്ടുമൈലിനും ഇടയിലുള്ള പ്രദേശമാണ്. അതിൽ ഖുബാഗ്രാമവാസികളും മറ്റുചില ഗോത്രക്കാരും താമസിക്കുന്നു. ആ പ്രദേശത്തിനാണ് പറയുന്നത്.

ഹദ്റത്ത് സയീദ് ബിൻ ജുബയ്റിൽനിന്ന് നിവേദനം: നബി(സ)തിരുമേനി മസ്ജിദിൽ ഹറാമിൽ ഒട്ടകപ്പുറത്ത് പ്രവേശിച്ചു. അവിടന്ന് വടികൊണ്ട് ഹജ്റെ അസ്വദിനെ മുത്തുകയായിരുന്നു. നബി(സ)തിരുമേനിയുടെ കൂടെ അബ്ദുല്ലാഹ് ബിൻ റവാഹയുമുണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്നു. ഈ പദ്യം ചൊല്ലുകയായിരുന്നു:

*ഖല്ലൂ ബനിൽകുഫ്ഫാരി അൻ സബീലിഹ്*
*നഹ്നു ളറബ്നാക്കും അലാ തഅ്വീലിഹ്*
*ളറബൻ യുസീലുൽഹാമ അൻ മഖീലിഹ്*

അവിശ്വാസികളേ!നബി(സ)തിരുമേനിയുടെ വഴിയിൽനിന്ന് മാറുക. ഞങ്ങൾ നബി(സ)തിരുമേനി മടങ്ങിയതുകൊണ്ട് നിങ്ങളെ എങ്ങനെയാണ് വെട്ടിയതെന്നാൽ അതു തലകളെ സുഖനിദ്രയുടെ സ്ഥാനത്ത് നിന്ന് മാറ്റിക്കളഞ്ഞു.

ഹദ്റത്ത് ഖയ്സ് ബിൻ അബൂ ഹാസിം നിവേദനം: നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയോടു പറഞ്ഞു: ഇറങ്ങുക! നമ്മുടെ ഒട്ടകങ്ങളെ ഉത്സുകരാക്കുക. അതായത് കുറച്ച് കവിതകൾ കേൾപിക്കുക. ഒട്ടകങ്ങളെ വേഗത്തിൽ ഓടിക്കുക. അതിന് ഹദ്ദ എന്നാണ് പറയുന്നത്. അതായത് വെല്ലുവിളിക്കുക. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ! ഞാൻ അത് ഉപേക്ഷിച്ചിരിക്കുന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: കേൾക്കുക, അനുസരിക്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) ഈ കവിത ചൊല്ലിക്കൊണ്ട് തന്റെ ഒട്ടകത്തിൽനിന്നിറങ്ങി:

*യാ റബ്ബി ലൗ ലാ അൻത മഹ്ത്തദയ്നാ*
*വലാ തസ്വദ്ദഖ്നാ വലാ സ്വല്ലയ്നാ*
*ഫ അൻസിലൻ സക്കീനത്തൻ അലയ്നാ*
*വ ഥബ്ബിത്തിൽഅഖ്ദാമ ഇൻ ലാഖയ്നാ*
*ഇന്നൽകുഫ്ഫാറ ഖദ് ബഗൗ അലയ്നാ*

അല്ലയോ രക്ഷിതാവേ! നീ ഇല്ലായിരുന്നെങ്കിൽ ഞങ്ങൾ സന്മാർഗം പ്രാപിക്കുമായിരുന്നില്ല. ദാനധർമങ്ങൾ ചെയ്യുകയുമില്ലായിരുന്നു. നമസ്കരിക്കുമായിരുന്നില്ല. ഞങ്ങളിൽ സമാ ധാനവും ശാന്തിയും ഇറക്കിയാലും. ഞങ്ങൾ ശത്രുക്കളെ നേരിടുമ്പോൾ ഞങ്ങളുടെ ചുവടുകൾ നീ ഉറപ്പിച്ചു നിറുത്തേണമേ. കാരണം സത്യനിഷേധികൾ ഞങ്ങളുടെമേൽ ആക്രമണം നടത്തിയിരിക്കുകയാണ്. വക്കീഅ് പറഞ്ഞു: രണ്ടാമത്തെ നിവേദകൻ ഇത്രയുംകൂടി അധികമാക്കി: *വഇൻ അറാദൂ ഫിത്നത്തൻ അബയ്നാ* അതായത് അവർ കുഴപ്പവും കലാപവും ഉണ്ടാക്കാനാഗ്രഹിക്കുകയാണെങ്കിൽ ഞങ്ങൾ നിഷേധിക്കുന്നു. അതായത് ഞങ്ങൾ കുഴപ്പവും കലാപവും തടയുന്നു. അതുണ്ടാക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല. നിവേദകൻ പറഞ്ഞു, നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവേ!ഇവരുടെമേൽ കരുണ ചൊരിഞ്ഞാലും. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു, നിർബന്ധമായിരിക്കുന്നു. നബി(സ)തിരുമേനിയുടെ ദുആകൊണ്ടുതന്നെ ഈ കാരുണ്യം നിർബന്ധമായിരിക്കുന്നു.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25–7–2014)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ)നിവേദനം: നബി(സ)തിരുമേനി, രോഗിയായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ കാണാൻ പോയപ്പോൾ നബി(സ)തിരുമേനിക്കുവേണ്ടി തന്റെ കിടക്കയിൽനിന്ന് അദ്ദേഹത്തിന് എഴുന്നേല്ക്കാൻ സാധിച്ചില്ല. നബി(സ)തിരുമേനി പറഞ്ഞു: എന്റെ ഉമ്മത്തിലെ ശുഹദാഅ് ആരൊക്കെയാണെന്ന് താങ്കൾക്കറിയുമോ? ആളുകൾ പറഞ്ഞു: മുസ്‌ലിം വധിക്കപ്പെടുന്നത് ശഹാദത്താണ്. പറഞ്ഞു: അപ്പോൾപ്പിന്നെ എന്റെ ഉമ്മത്തിലെ ശുഹദാഅ് കുറവായിരിക്കും. നബി(സ)തിരുമേനി പറഞ്ഞു: ‘മുസ്‌ലിം വധിക്കപ്പെടുന്നത് ശഹാദത്താണ്. വയറിന്റെ അസുഖംകൊണ്ട് വഫാത്താകൽ ശഹാദത്താണ്. വെള്ളത്തിൽ മുങ്ങി മരിക്കുന്നത് ശഹാദത്താണ്. പ്രസവവേദനയുടെ അവസരത്തിലുള്ള മരണം ശഹാദത്താണ്. ഇതെല്ലാം ശഹാദത്തിന്റെ ഇനങ്ങളാണ്. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 398–400, അബ്ദുല്ലാഹ് ബിൻ റവാഹ(റ), ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 1990)(മുഅ്ജമുൽബുൽദാൻ വാള്യം 4, പേജ് 187)(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 2, പേജ് 13, ബാബു ഗസ്‌വത്തു ബദ്ർ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഉർവ ബിൻ സുബയ്ർ നിവേദനം: നബി(സ)തിരുമേനി മുഅത്തത്ത് യുദ്ധത്തിൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായെ സൈന്യാധിപനാക്കി. എന്നിട്ടു പറഞ്ഞു: ഇദ്ദേഹം ശഹീദായാൽ ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബ് അദ്ദേഹത്തിന്റെ സ്ഥാനം വഹിക്കണം. പിന്നെ ഹദ്റത്ത് ജഅ്ഫർ ശഹീദായാൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ)സൈന്യാധിപനാകണം. ഇനി അബ്ദുല്ലായും ശഹീദായാൽ മുസ്‌ലിമീങ്ങൾ അവർക്കിഷ്ടപ്പെടുന്നവരെ തങ്ങളുടെ നേതാവാക്കണം. അങ്ങനെ സൈന്യം തയ്യാറാകുകയും പുറപ്പെടാൻ തുടങ്ങുകയും ചെയ്തപ്പോൾ ആളുകൾ നബി(സ)തിരുമേനിയുടെ നേതാക്കളെ യാത്രയാക്കി. അവരുടെ സമാധാനത്തിനുവേണ്ടി ദുആ ഇരന്നു. ജനങ്ങൾ നബി(സ)തിരുമേനിയേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയേയും യാത്രയാക്കിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ കരയാൻ തുടങ്ങി. കരയാനുള്ള കാരണമെന്താണെന്ന് ആളുകൾ ചോദിച്ചു. അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: ‘അല്ലാഹുവാണ! എനിക്ക് ദുൻയാവിനോടുള്ള സ്നേഹവും അതിനോടുള്ള കഠിനമായ സ്നേഹവും താൽപര്യവുമൊന്നുമില്ല. എന്നല്ല ഞാൻ നബി(സ)തിരുമേനി ഈ വചനം ഓതുന്നതായി കേട്ടു: *വ ഇൻ മിൻകും ഇല്ലാ വാരിദുഹാ കാന അലാ റബ്ബിക്ക ഹത്മൻ മ്മഖ്ളിയ്യാ* (19:72).നിങ്ങളിൽ ആരുംതന്നെ അതിന്റെ അരികിൽ വരുന്നവരായിട്ടല്ലാതെയില്ല. അതായത് നരകത്തിന്റെ. ഇത് നിന്റെ നാഥന്റെ നിർബന്ധമായി വിധിക്കപ്പെട്ട ഒരു ബാധ്യതയാണ്. അതിനാൽ സ്വിറാത്ത് പാലം കയറുന്നതിലും അപ്പുറം കടക്കുന്നതിലും എന്റെ അവസ്ഥ എന്തായിരിക്കുമെന്ന് എനിക്കറിയില്ല. ഇതിന്റെ മുമ്പേയുള്ള വചനത്തിൽ നരകത്തെ കുറിച്ചാണ് പറയുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിനു ഭയമുണ്ടായത്. അല്ലെങ്കിൽ മറ്റു വചനങ്ങളിൽ വ്യക്തമായും പ്രകടമാകുന്നുണ്ട്, സത്യവിശ്വാസികളേയും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരേയും കുറിച്ചല്ല ഇത് പറഞ്ഞതെന്ന്. എന്തായാലും മുസ്‌ലിമീങ്ങൾ പറഞ്ഞു, അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്. അവൻതന്നെ നിങ്ങളെ സുഖകരമായി തിരിച്ചുകൊണ്ടുവരുന്നതാണ്.

തഫ്സീർ സ്വഗീറിന്റെ അടിക്കുറിപ്പിൽ എഴുതിയിരിക്കുന്നു: തഫ്സീർ കബീറിൽ രണ്ടുരീതിയിലുമുണ്ട്. ഒന്ന് ഇത് സത്യവിശ്വാസികളെ സംബന്ധിച്ചല്ല, സത്യനിഷേധികളെ സംബന്ധിച്ചാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റു ഹദീഥുകളിൽനിന്ന് ഇതു സംബന്ധിച്ച് വ്യാഖ്യാനിച്ചിരിക്കുന്നു. അതിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്: അത് തഫ്സീർ സ്വഗീറിന്റെ അടിക്കുറിപ്പിലും എഴുതിയിട്ടുണ്ട്. “വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നത് രണ്ടു നരകമുണ്ടെന്നാണ്. ഒന്ന് ഈ ലോകത്ത്. ഒന്ന് പരലോകത്ത്. എല്ലാവരും നരകത്തിൽ പോകുമെന്ന് പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത്, സത്യവിശ്വാസിയും നരകത്തിൽ പോകുമെന്നല്ല. മറിച്ച് അതുകൊണ്ടുള്ള ഉദ്ദേശ്യം സത്യവിശ്വാസി നരകത്തിന്റെ ഓഹരി ഈ ലോകത്ത് പ്രാപിക്കുന്നുവെന്നാണ്. അതായത് സത്യനിഷേധികൾ അവരെ പലരീതിയിലും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. ഇല്ലെങ്കിൽ സത്യവിശ്വാസി വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ പലോകത്ത് ഒരിക്കലും നരകത്തിൽ പോകുകയില്ല. കാരണം വിശുദ്ധ ഖുർആൻ സത്യവിശ്വാസികളെ സംബന്ധിച്ച് പറയുന്നത് *ലാ യസ്മഊന ഹസീസഹാ* എന്നാണ്. അതായത് സത്യവിശ്വാസി നരകത്തിൽനിന്ന് എത്ര അകലത്തായിരിക്കുമെന്നാൽ അതിലെ ശബ്ദംപോലും അവർ കേൾക്കുകയില്ല. അതുകൊണ്ട് സത്യവിശ്വാസികൾ നരകത്തിൽ പോകുമെന്ന് പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം അവർക്ക് ലോകത്ത് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നുവെന്നാണ്. നബി (സ) തിരുമേനി പനിയേയും ഒരു തരത്തിലുള്ള നരകം എന്ന് പറഞ്ഞിട്ടുണ്ട്. പറഞ്ഞു: *അൽ ഹുമ്മാ ഹള്ളു കുല്ലി മുഅ്മിനിൻ മിനന്നാർ* അതായത് പനി നരകത്തിലെ അഗ്നിയുടെ മുഅ്മിനുള്ള ഒരോഹരിയാണ്.(തഫ്സീറെ സ്വഗീർ സൂറ മർയമിന്റെ 72-ാം വചനത്തിന്റെ അടിക്കുറിപ്പ്)

എന്തായാലും ഇത് അതിന്റെ ചെറിയ വിശദീകരണമാണ്. മുസ്‌ലിമീങ്ങൾ അവരെ യാത്രയാക്കിയപ്പോൾ, മുഅ്മിനീങ്ങൾ അവരോടു പറഞ്ഞു, അല്ലാഹു നിങ്ങളെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) തദവസരത്തിൽ ഈ കവിതാ ശകലം ചൊല്ലി:

*ലാക്കിന്നനീ അസ്അലുർറഹ്മാന മഗ്ഫിറത്തൻ*
*വ ളർബത്തൻ ദാത്ത ഫർഗിൻ യഖ്ദിഫുസ്സബദാ*
*ഔ ത്വഅ്നത്തൻ ബിയദയ് ഹർറാന മുജ്ഹിസത്തൻ*
*ബിഹർബത്തിൻ തുൻഫിദുൽഅഹ്ശാഅ വസ്കബിദാ*
*ഹത്താ യഖൂലൂ ഇദാ മർറൂ അലാ ജദനീ*
*യാ അർശദല്ലാഹു മിൻ ഗാസിൻ വഖദ് റശദാ*

ഞാൻ കാരുണ്യവാനായ ദൈവത്തോട് പാപപൊറുതി തേടുന്നു. ആഴത്തിൽ പതിയുന്ന മുറിവ് ഉണ്ടാക്കുവാൻ സാധിക്കുംവിധം വാൾ വീശുന്നതിനു തൗഫീഖ് ചോദിക്കുന്നു. പുതുരക്തം പൊലിയുന്നതും അതിൽനിന്ന് പത ഉയരുന്നതുമായിരിക്കണം. കൂടാതെ പൂർണമായ തയ്യാറെടുപ്പോടുകൂടി രക്തദാഹിയുടെ കരങ്ങളാൽ ചെയ്യപ്പെടുന്ന പോരാട്ടമായിരിക്കണം. അത് കുടൽ മാലയിലൂടെയും കരളിലൂടെയും കടന്നുപോകണം. ഏതുവരെ എന്നാൽ, ജനങ്ങൾ എന്റെ ഖബ്റിന് അരികിലൂടെ കടന്നുപോകുമ്പോൾ പറയണം, അല്ലയോ യുദ്ധപോരാളി! അല്ലാഹു നിനക്ക് നന്മ വരുത്തുമാറാകട്ടെ. ആ ദൈവം നിനക്കു നന്മ ചെയ്തിരിക്കുന്നു.

പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ), നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. നബി(സ)തിരുമേനി അദ്ദേഹത്തെ യാത്ര അയച്ചു. സൈന്യം മആവിൻ എന്ന സ്ഥലത്ത് താവളമടിച്ചു. മആവിൻ ശാം ദേശത്തിലെ ഹിജാസിന്റെ ഭാഗത്തേക്കുള്ള ബൽഖായുടെ അടുത്തുള്ള ഒരു നഗരമാണ്. അവിടെ ചെന്നപ്പോഴാണ് മനസ്സിലായത് ഹിർഖൽ ഒരു ലക്ഷം റോമക്കാരും ഒരു ലക്ഷം അറേബ്യക്കാരും അടങ്ങുന്നവരുമായി മആബി എന്ന സ്ഥലത്ത് നിലയുറപ്പിച്ചിട്ടുണ്ടെന്ന്. മആബി ശാം ദേശത്തെ ബൽഖായ്ക്ക് അടുത്തുള്ള ഒരു നഗരമാണ്. മുസ്‌ലിമീങ്ങൾ രണ്ടു ദിവസം മആവനിൽ തങ്ങി. പരസ്പരം പറഞ്ഞു, ആരെയെങ്കിലും നബി(സ) തിരുമേനിയുടെ അടുക്കൽ അയച്ച് ശത്രുക്കളുടെ ആധിക്യം അറിയിക്കുക. അതായത് ശത്രുക്കൾ വലിയ തോതിലുണ്ടെന്നുള്ള വിവരം അറിയിക്കുക. ഒന്നുകിൽ അങ്ങ് ഞങ്ങളെ സഹായിക്കുക. അല്ലെങ്കിൽ മറ്റെന്തെങ്കിലും കല്പന നല്കുക. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) മുസ്‌ലിമീങ്ങൾക്ക് ആവേശവും കരുത്തും പകർന്നു. അങ്ങനെ മൂവായിരംപേർ മാത്രമുണ്ടായിരുന്ന അവർ മുന്നോട്ടു നീങ്ങി. ബൽഖായുടെ ഒരു നാടായ മശാരിഫിന്റെ അടുത്ത് റോമക്കാരുമായി ചെന്നുമുട്ടി. ശാം ദേശത്ത് മശാരിഫ് എന്ന പേരിൽ ഒരു പാട് നാടുകളുണ്ടായിരുന്നു. അതിലൊന്ന് ഹൗറാൻ എന്ന നഗരത്തിന്റെ അടുത്താണ്. ഒന്ന് ഡമാസ്കസിന്റെ അടുത്താണ്. ഒന്ന് ബൽഖായുടെ അടുത്താണ്. പിന്നീട് മുസ്‌ലിമീങ്ങൾ അവിടെനിന്ന് മുഅത്തത്തിലേക്ക് മാറിവന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തി സ്സ്വഹാബ വാള്യം 3 പേജ് 237, അബ്ദുല്ലാഹ് ബിൻ റവാഹ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008)(തഫ്സീറെ സ്വഗീർ, സൂറത്തു മർയം ആയത്ത് 72, പേജ് 390)(ഉസുദുൽഗാബ (തർജമ) ഭാഗം 5, പേജ് 247, പ്രസാധകർ അൽമീസാൻ ഉർദു ബാസാർ ലാഹോർ)(മുഅ്ജമുൽ ബുൽദാൻ വാള്യം 5, പേജ് 179, 37, 153–154)

മുഅത്തയുടെ പ്രദേശത്ത് മൂന്നു ലക്ഷം റോമൻ സൈന്യവുമായി മുസ്‌ലിമീങ്ങൾ യുദ്ധത്തിൽ ഏർപ്പെട്ടു. മുസ്‌ലിമീങ്ങൾ വെറും മൂവായിരമായിരുന്നു. മുസ്‌ലിമീങ്ങളുടെ കമാൻഡർമാർ ഒരോരുത്തരായി ശഹീദാക്കപ്പെട്ടു.

**അല്ലാഹുവിന്റെ കലാം:**

**‘നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.’**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.’**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

അല്ലാഹു നബി(സ)തിരുമേനിക്ക് ശഹാദത്തിനെ കുറിച്ചുള്ള വാർത്തയും നല്കി.

ഹദ്റത്ത് അനസ് നിവേദനം: നബി(സ) ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എന്നിവരുടെ ശഹാദത്തിനെ സംബന്ധിച്ചുള്ള വാർത്ത ജനങ്ങളെ കേൾപ്പിച്ചു. അതുവരെ അവർക്ക് ഒരു വിവരവും കിട്ടിയിരുന്നില്ല. അവിടന്ന് ആദ്യമെ പറഞ്ഞു: (മുഅ്ത്തത്ത് യുദ്ധത്തിൽ സൈന്യാധിപൻ എന്ന നിലക്ക്) സയ്ദ് ബിൻ ഹാരിഥ് ആദ്യം കൊടിപിടിച്ചു നിന്നു. അദ്ദേഹം ശഹീദായപ്പോൾ ജഅ്ഫർ കൊടിപിടിച്ചു. അദ്ദേഹം ശഹീദായപ്പോൾ അബ്ദുല്ലാഹ് ബിൻ റവാഹ കൊടി പിടിച്ചു. അദ്ദേഹവും ശഹീദായി. ഇത് പറയുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുകളിൽ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. പിന്നീട് കൊടി അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ എടുത്തു. അവസാനം അല്ലാഹു അദ്ദേഹം മുഖേന വിജയം നല്കി. (സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4262)

നബി(സ)തിരുമേനിവരെ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടേയും ഹദ്റത്ത് ജഅ്ഫറിന്റേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടേയും ശഹാദത്ത് വിവരം എത്തിയപ്പോൾ അവിടന്ന് അവരുടെ അവസ്ഥ വിവരിക്കുന്നതിനുവേണ്ടി എഴുന്നേറ്റുനിന്നു. ഹദ്റത്ത് സയ്ദിനെക്കൊണ്ടു തുടക്കം കുറിച്ചു:

*അല്ലാഹുമ്മഗ്ഫിർ ലിസയ്ദിൻ, അല്ലാഹുമ്മഗ്ഫിർ ലിസയ്ദിൻ, അല്ലാഹുമ്മഗ്ഫിർ ലിസയ്ദിൻ അല്ലാഹുമ്മഗ്ഫിർ ലിജഅ്ഫറിൻ, വലി അബ്ദില്ലാഹിബ്നി റവാഹത്ത*

അല്ലാഹുവേ! സയ്ദിന് മഗ്ഫിറത്ത് നല്കിയാലും അല്ലാഹുവേ! സയ്ദിന് മഗ്ഫിറത്ത് നല്കിയാലും അല്ലാഹുവേ! സയ്ദിന് മഗ്ഫിറത്ത് നല്കിയാലും അല്ലാഹുവേ! ജഅ്ഫറിനും അബ്ദുല്ലാഹ് ബിൻ റവാഹയ്ക്കും മഗ്ഫിറത്ത് നല്കിയാലും. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 34, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ആഇശാ(റ) വിവരിക്കുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും ഹദ്റത്ത് ജഅ്ഫറും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും ശഹീദായപ്പോൾ നബി(സ) തിരുമേനി മസ്ജിദിൽ ഇരിക്കുകയായിരുന്നു. അവിടത്തെ മുഖകമലം ദുഃഖസാന്ദ്രമായിരുന്നു. (സുനൻ അബീദാവൂദ്, കിതാബുൽ ജനാഇസ്. ഹദീഥ് 3122)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുഅ്ത്തത്ത് യുദ്ധത്തെ സ്മരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ഇത് മുമ്പേ ഹദ്റത്ത് സയ്ദിനെ കുറിച്ച് പറഞ്ഞപ്പോഴും പറഞ്ഞുകഴിഞ്ഞതാണ്. എന്നാൽ, അല്പഭാഗം വീണ്ടും പറയുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: നബി(സ)തിരുമേനി അതിന്റെ ഓഫീസറായി ഹദ്റത്ത് സയ്ദിനെ നിശ്ചയിച്ചു. അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു. ഞാൻ ഈ നേരത്ത് സയ്ദിനെ സൈന്യാധിപനാക്കുകയാണ്. സയ്ദ് യുദ്ധത്തിൽ വധിക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ സ്ഥാനത്ത് ജഅ്ഫർ നേതൃത്വം ഏറ്റെടുക്കുക. ഇനി അദ്ദേഹവും വധിക്കപ്പെട്ടാൽ അബ്ദുല്ലാഹ് ബിൻ റവാഹ നേതൃത്വം ഏറ്റെടുക്കുക. ഇനി അദ്ദേഹവും വധിക്കപ്പെട്ടാൽ മുസ്‌ലിമീങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ അവർക്ക് തിരഞ്ഞെടുക്കാവുന്നതാണ്. അവിടന്ന് ഇതു പറഞ്ഞപ്പോൾ ഒരു യഹൂദിയും നബി(സ)തിരുമേനിയുടെ അടുത്ത് ഇരിപ്പുണ്ടായിരുന്നു. അയാൾ പറഞ്ഞു: ഞാൻ അങ്ങയെ നബിയായി വിശ്വസിക്കുന്നില്ല. ഇനി അങ്ങ് സത്യവാനാണെങ്കിൽത്തന്നെയും ഈ മൂവരിൽ ആരും തന്നെ ജീവനോടെ തിരിച്ചുവരികയില്ല. കാരണം നബിയുടെ വായിൽനിന്ന് ഏതൊരു കാര്യമാണോ പുറപ്പെടുന്നത് അത് പൂർത്തിയാകുക തന്നെചെയ്യും. ആ യഹൂദി ഹദ്റത്ത് സയ്ദിന്റെ അടുക്കൽ പോയി. അദ്ദേഹത്തോടു പറഞ്ഞു: നിങ്ങളുടെ റസൂൽ സത്യവാനാണെങ്കിൽ താങ്കൾ ജീവനോടെ തിരിച്ചു വരികയില്ല. ഹദ്റത്ത് സയ്ദ് പറഞ്ഞു: ഞാൻ ജീവനോടെ വരട്ടെ, വരാതിരിക്കട്ടെ. അത് അല്ലാഹു അറിയുന്നവനാണ്. എന്നാൽ, ഞങ്ങളുടെ റസൂൽ തീർച്ചയായും സത്യവാനാണ്.' അതായത് വിശ്വസിക്കാതിരുന്നിട്ടും യഹൂദി അവിടന്ന് പറഞ്ഞത് പുലരുമെന്ന് ദൃഢഗാഢമായി വിശ്വസിച്ചു. പക്ഷേ, എങ്കിലും ആരാണോ വിശ്വസിക്കാൻ തീരുമാനിച്ചിട്ടില്ലാത്തത് അവർക്ക് പിടിവാശിയാണുണ്ടാകുന്നത്. അവിടെന്നെഴുതുന്നു: 'അല്ലാഹുവിന്റെ യുക്തിയാണ് ആ സംഭവം അതുപോലെ പുലർന്നത്. ആദ്യം ഹദ്റത്ത് സയ്ദ് ശഹീദായി. പിന്നീട് ഹദ്റത്ത് ജഅ്ഫർ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹവും ശഹീദായി. അതിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ) നേതൃത്വം ഏറ്റെടുത്തു. പക്ഷേ, അദ്ദേഹവും ശഹീദായി. സൈന്യത്തിൽ വ്യാകുലത പരക്കാൻ പോകുന്ന സന്ദർഭമായിരുന്നു അത്. ചില മുസ്‌ലിമീങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് കൊടിപിടിച്ചു. അല്ലാഹു അദ്ദേഹം മുഖേന മുസ്‌ലിമീങ്ങൾക്ക് വിജയം നല്കി. അദ്ദേഹം സുഖമായി സൈന്യത്തെ തിരിച്ചുകൊണ്ടുവന്നു.'(ഫരീളയെ തബ്‌ലീഗ് ഔർ അഹ്മദി ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 405-406)

ഹദ്റത്ത് ഉർവായിൽനിന്ന് നിവേദനം: ഹദ്റത്ത് ഉസാമ ബിൻ സയ്ദ് അദ്ദേഹത്തോടു പറഞ്ഞു: നബി(സ)തിരുമേനി ഒരു കഴുതപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അതിൽ ജീനി ഉണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ പിന്നിൽ ഉസാമയെ ഇരുത്തിയിരുന്നു. അവിടന്ന് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ രോഗവിവരം അന്വേഷിക്കുന്നതിനായി ബനൂഹാരിഥ് ബിൻ ഖസ്റജിന്റെ ഗോത്രത്തിലേക്കു പുറപ്പെട്ടതായിരുന്നു. ഇതു ബദ്ർ സംഭവത്തിനു മുമ്പേയുള്ള കാര്യമാണ്. നബി(സ) തിരുമേനി ഒരു സദസ്സിന്റെ സമീപത്തുകൂടി കടന്നുപോയി. അവിടെ മുസ്‌ലിമീങ്ങളും മുശ്‌രിക്കീങ്ങളും യഹൂദിയും ഒന്നിച്ചിരുന്നിരുന്നു. അതിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യും ഉണ്ടായിരുന്നു. അതുപോലെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അവിടെ ഉണ്ടായിരുന്നു. സദസ്സിലേക്ക് സവാരിമൂലം പൊടിപടലങ്ങൾ ഉയർന്നപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് തന്റെ മൂക്ക് പുതപ്പുകൊണ്ട് പൊത്തി. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെമേൽ പൊടി പാറിക്കാതിരിക്കുക! നബി(സ)തിരുമേനി അവരോട് അസ്സലാമു അലയ്ക്കും എന്നു പറഞ്ഞു. പിന്നെ അവിടെ നിന്നു. വാഹനത്തിൽ നിന്ന് ഇറങ്ങി. അവരെ അല്ലാഹുവിലേക്കു ക്ഷണിച്ചു. അവരെ ഖുർആൻ കേൾപ്പിച്ചു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞു: 'അല്ലയോ മനുഷ്യാ! ഇതു നല്ല കാര്യമല്ല. ഇനി നിങ്ങൾ പറയുന്നത് സത്യമാണെങ്കിലും ശരി. അത് ഞങ്ങളുടെ സദസ്സിൽ വന്നു പറഞ്ഞു ഞങ്ങളെ ബുദ്ധിമുട്ടിക്കരുത്. നിങ്ങളുടെ സങ്കേതത്തിലേക്കു തന്നെ തിരിച്ചു പോകുക. നിങ്ങളുടെ അടുത്തു വരുന്നവർക്കു അതു വിവരിച്ചു കൊടുക്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ഉടൻ പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഞങ്ങളുടെ സദസ്സിൽ വന്നാലും. ഞങ്ങൾ അത് ഇഷ്ടപ്പെടുന്നു. ആ നേരത്ത് അദ്ദേഹത്തിന് ഒരു ഭയവുമുണ്ടായിരുന്നില്ല. ആരേയും വകവെച്ചതുമില്ല. പിന്നീട് അവിടെ വഴക്കും നടന്നു. പക്ഷേ, അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ ഒരു സ്വഭാവം ഉണ്ടായിരുന്നു.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജിഹാദ് വസ്സയ്ർ ഹദീഥ് 1798)

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം: നബി(സ)തിരുമേനി ഒരു യുദ്ധ നടപടിക്കായി സ്വഹാബത്തിനെ അയച്ചു. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുമുണ്ടായിരുന്നു. വെള്ളിയാഴ്ചയായിരുന്നു. നടപടിയ്ക്കായി പോകാൻ ഉൾപ്പെട്ടിരുന്ന ബാക്കി സ്വഹാബത്ത് യാത്ര പുറപ്പെട്ടു. അബ്ദുല്ലാഹ് ബിൻ റവാഹ പറഞ്ഞു: നബി(സ)തിരുമേനിയുടെ പിന്നിൽ ജുമുഅ നമസ്കരിച്ച് പിന്നീട് ഞാൻ അവരിൽ ചെന്നു ചേരുന്നതാണ്. പിന്നെ നബി(സ)തിരുമേനിയുടെ പിന്നിൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടന്ന് അദ്ദേഹത്തെ കണ്ടുകൊണ്ട് ചോദിച്ചു: താങ്കളെ എന്തുകാര്യമാണ് താങ്കളുടെ കൂട്ടുകാരോടൊപ്പം പോകുന്നതിൽനിന്ന് തടഞ്ഞു നിറുത്തിയത്? അദ്ദേഹം പറഞ്ഞു: അങ്ങയുടെ പിന്നിൽ ജുമുഅ നമസ്കരിച്ച് പിന്നീട് അവരോടൊപ്പം ചെന്നുചേരാമെന്ന് ഞാൻ ആഗ്രഹിച്ചുപോയി. നബി(സ)തിരുമേനി പറഞ്ഞു, ഭൂമിയിൽ എന്തൊക്കെയുണ്ടോ താങ്കൾ അതുമുഴുവനും ചെലവഴിച്ചാലും യാത്രപുറപ്പെട്ടുപോയവർക്ക് ലഭിക്കുന്ന ഫള്ൽ താങ്കൾ പ്രാപിക്കുകയില്ല.(സുനനുത്തിർമുദി, അബ്‌വാബുൽ ജുമുഅ, ഹദീഥ് 527)

അതുകൊണ്ടാണ് പറഞ്ഞത് ഏതൊരു യുദ്ധ നടപടിക്കാണോ ഞാൻ അവരെ അയച്ചത് ആ നേരത്ത് അതിന് ജുമുഅയെക്കാൾ കൂടുതൽ പ്രാധാന്യമുണ്ടായിരുന്നുവെന്ന്. വഴിയിൽ നിങ്ങൾക്ക് നമസ്കരിക്കാവുന്നതേയുള്ളൂ.

ഹദ്റത്ത് അബുദർദ്ദാഅ്(റ) വിവരിക്കുന്നു, 'റമദാൻ മാസത്തിൽ ഒരിക്കൽ ഞങ്ങൾ നബി(സ) തിരുമേനിയോടൊപ്പം ശക്തമായ വേനലിൽ പുറപ്പെട്ടു. ചൂടിന്റെ കാഠിന്യംകൊണ്ട് ഞങ്ങളിൽ ഓരോരുത്തരും തലയെ ചൂടിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി കൈകൊണ്ട് പൊതിഞ്ഞിരുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അല്ലാതെ ബാക്കി ഞങ്ങ

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

ളിൽ ആരും തന്നെ നോമ്പ് പിടിച്ചിരുന്നില്ല. (സ്വഹീഹ് മുസ്ലിം, കിതാബുസ്സിയാം, ഹദീഥ് 1122)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'മദീനയിൽ താമസത്തിന്റെ ഏറ്റവും വലിയ ജോലി മസ്ജിദ് നബ്വിയുടെ നിർമാണമായിരുന്നു. എവിടെയാണോ അവിടത്തെ ഒട്ടകം ഇരുന്നത് ആ സ്ഥലം രണ്ടു യതീമക്കളായ സഹ്‌ലിന്റേയും സുഹയ്‌ലിന്റേയും ഉടമസ്ഥതയിലായിരുന്നു. അവർ ഹദ്റത്ത് അസ്അദ് ബിൻ സറാറയുടെ സംരക്ഷണത്തിലായിരുന്നു. അതൊരു അകൃഷ്ടമായ സ്ഥലമായിരുന്നു. അതിന്റെ ഒരു ഭാഗത്ത് അവിടവിടെ ഈന്തപ്പനകളുണ്ടായിരുന്നു. മറുഭാഗത്ത് വീടുകളുടെയും മറ്റും തകർന്നടിഞ്ഞ ഭാഗങ്ങളും. നബി(സ)തിരുമേനി മസ്ജിദിനും തനിക്കുള്ള മുറികൾ നിർമിക്കുന്നതിനും ആ സ്ഥലം നല്ലതായി കണ്ടു. പത്തു ദീനാറിന് അതായത് 90 രൂപയ്ക്ക് അത് വാങ്ങി. സ്ഥലമെല്ലാം നന്നാക്കി മരങ്ങൾ മുറിച്ച് മസ്ജിദു നബ്വിയുടെ നിർമാണം ആരംഭിച്ചു. നബി(സ) തിരുമേനി സ്വയം ദുആ ചെയ്തുകൊണ്ട് തറക്കല്ലിട്ടു. സ്വഹാബാക്കൾ മിസ്തരിയുടെയും തൊഴിലാളികളുടെയും പണിയെടുത്തു. അതിൽ ചിലപ്പോഴെല്ലാം നബി(സ) തിരുമേനിയും പങ്കെടുത്തിരുന്നു. ചിലപ്പോൾ സ്വഹാബാക്കൾ ജോലിചെയ്ത് ചെയ്ത് അബ്ദുല്ലാഹ് ബിൻ റവാഹ അൻസ്വാരിയുടെ ഈ കവിതാശകലം ചൊല്ലിക്കൊണ്ടിരുന്നു:

*ഹാദൽ ഹിമാലു ലാ ഹിമാല ഖയ്ബറ*
*ഹാദാ അബർറു റബ്ബനാ വ അത്ഹർ*

ഈ ഭാരം ഖയ്ബറിലെ മൃഗങ്ങളുടെമേൽ കയറ്റിക്കൊണ്ടുവരുന്ന കച്ചവട ചരക്കുകളുടെ ഭാരമല്ല. പ്രത്യുത ഞങ്ങളുടെ മൗലാ! ഈ ഭാരം ദൈവഭക്തിയുടേയും പരിശുദ്ധിയുടേയും ഭാരമാണ്. അതാണ് ഞങ്ങൾ നിന്റെ തൃപ്തിക്കുവേണ്ടി ഏറ്റുന്നത്.

ചിലപ്പോഴൊക്കെ സ്വഹാബത്ത് ജോലി ചെയ്തുകൊണ്ട് അബ്ദുല്ലാഹ് ബിൻ റവാഹ അൻസ്വാരിയുടെ ഈ കവിതാശകലവും പാടിക്കൊണ്ടിരുന്നു:

*അല്ലാഹുമ്മ ഇന്നൽ അജ്‌റ അജ്റുൽ ആഖിറ*
*ഫർഹമിൽ അൻസ്വാറ വൽമുഹാജിറ*

ഞങ്ങളുടെ നാഥാ! യഥാർഥ പ്രതിഫലം വെറും പരലോക പ്രതിഫലമാകുന്നു. അതിനാൽ നീ നിന്റെ അനുഗ്രഹത്താൽ അൻസ്വാറിന്റേയും മുഹാജിറുകളുടേയുംമേൽ കാരുണ്യം വർഷിച്ചാലും. സ്വഹാബാക്കൾ ഈ വരികൾ ചൊല്ലുമ്പോൾ ചില സന്ദർഭങ്ങളിൽ നബി(സ)തിരുമേനിയും അവരുടെ ശബ്ദത്തോടൊപ്പം തന്റെ ശബ്ദവും കൂട്ടിചേർക്കുമായിരുന്നു. ഇപ്രകാരം ഒരു നീണ്ട കാലത്തെ പരിശ്രമത്തിനൊടുവിൽ ഈ മസ്ജിദ് പൂർത്തിയായി.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 269-270)

ഇനി ഞാൻ പറഞ്ഞതുപോലെ ഒരു പരേതനെ സ്മരിക്കുകയാണ്. ഇദ്ദേഹം നമ്മുടെ ആദരണീയ ഡോക്ടർ ലത്വീഫ് അഹ്മദ് ഖുറയ്ശി സാഹിബാണ്. മൻളൂർ അഹ്മദ് ഖുറയ്ശീ സാഹിബിന്റെ മകനായിരുന്നു. 2020 ജനുവരി 19ന് ഉച്ചയ്ക്ക് ഒരു മണിയോടടുത്ത് തന്റെ വീട്ടിൽ ഏകദേശം 80-ാം വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദൈവകൃപയാൽ അദ്ദേഹം മൂസിയായിരുന്നു. ഇന്ത്യയിലെ അജ്മീർ ശരീഫിലാണ് ജനിച്ചത്. 1937-ൽ അദ്ദേഹത്തിന്റെ പിതാവ് മൻളൂർ ഖുറയ്ശി സാഹിബ് ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ മാതാവ് മൻസ്വൂറ ബുശ്റാ സാഹിബയാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മുൻശി ഫയാള് അലി സാഹിബ് കപൂർത്തലവിയുടെ ദൗഹിത്രിയും ഹദ്റത്ത് ശെയ്ഖ് അബ്ദുർറശീദ് മീററ്റിയുടെ പൗത്രിയുമാണ്. അവരും ജീവിച്ചിരിപ്പുണ്ട്. ഡോക്ടർ ഖുറയ്ശി സാഹിബിന്റെ മാതാപിതാക്കൾ പാക്കിസ്താൻ രൂപീ കരണ സമയത്ത് ഹിജ്റത്ത് ചെയ്ത് ലാഹോറിൽ വന്നു. ഇവിടെ അദ്ദേഹം മെട്രിക് പരീക്ഷ പാസായി. അതിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പിന്നീട് കിംങ് എഡ്വേർഡ് മെഡിക്കൽ കോളേജിൽ പ്രവേശിച്ചു. ആ നേരത്തെ ഏറ്റവും ചെറിയ പ്രായക്കാരനായ വിദ്യാർഥിയായിരുന്നു. അദ്ദേഹം എം.ബി.ബി.എസ് ചെയ്തു. അവിടുത്തെ പ്രിൻസിപ്പാൾ പ്രത്യേകം അദ്ദേഹത്തെ സ്മരിക്കുകയുണ്ടായി. 1961-ൽ ഇദ്ദേഹം ഉപരിപഠനത്തിന് ഇംഗ്ലണ്ടിൽ വന്നു. ഇവിടെ ആദ്യം കുട്ടികളുടെ രോഗങ്ങളിൽ ഡിപ്ലോമ ചെയ്തു. തുടർന്ന് എം.ആർ.സി.വിയുടെ ഡിഗ്രിയും കരസ്ഥമാക്കി. പിന്നീട് യോവിൽ(Yeovil) സംസ്റ്റിൽ(Somerset) കൺസൾട്ടന്റിന്റെ ജോലി അദ്ദേഹത്തിന് ലഭിച്ചു. അവിടെ ഹൃദയരോഗങ്ങളിൽ പ്രാവീണ്യം നേടി. 1968-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഡോക്ടർ സാഹിബിനോടു ചോദിച്ചു: 'താങ്കൾ ഞങ്ങളുടെ അടുത്ത് എപ്പോഴാണ് വരുന്നത്?' അപ്പോൾ ഡോക്ടർ സാഹിബ് പറഞ്ഞു: 'അങ്ങ് കല്പിക്കുമ്പോൾ!' അങ്ങനെ ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) താങ്കൾ വരിക എന്നു പറഞ്ഞു. അതോടെ ഇംഗ്ലണ്ട് ഉപേക്ഷിച്ച് റബ്‌വയിൽ വന്നു. റബ്‌വയിലെ ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ ഡോക്ടർ സാഹിബ് നിയമിതനായി. പിന്നീട് ദീർഘനാൾ അവിടെ ജോലി ചെയ്തുകൊണ്ടിരുന്നു. 1983 ജൂലൈ 11ന് ഫള്‌ലെ ഉമർ ഹോസ്പിറ്റലിന്റെ ചീഫ് മെഡിക്കൽ ഓഫീസർ എന്ന നിലയിൽ നിയമിതനായി. 1987 വരെ ഈ സേവനത്തിലായിരുന്നു. 60 വയസ്സുവരെ ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. 1998 ആഗസ്ത് 20ന് റിട്ടയേർഡായി. 1998 സെപ്തംബർ 6ന് വീണ്ടും ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ ജോയിൻ ചെയ്തു. 2000 സെപ്തംബർ 10 വരെ അല്ലാഹുവിന്റെ ഫള്‌ൽകൊണ്ട് അദ്ദേഹത്തിന് ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇപ്രകാരം ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ അദ്ദേഹത്തിന്റെ സേവനം ഏകദേശം മുപ്പതുവർഷമാണ്. ഡോക്ടർ ലത്വീഫ് ഖുറയ്ശി സാഹിബിന് വഖ്ഫെ സിന്ദഗീ ഡോക്ടറായിരുന്നതിനു പുറമെ ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയായുടേയും, അൻസ്വാറുല്ലാഹ് മർക്കസിയായുടേയും വിവിധ സ്ഥാനങ്ങളിൽ ജോലി ചെയ്യാനുള്ള തൗഫീഖും കിട്ടി. ഇപ്പോഴും അൻസ്വാറുല്ലായുടെ പ്രത്യേക അംഗമായിരുന്നു. ഈ കാലയളവിൽ രണ്ടുവർഷം ഇദ്ദേഹം മജ്‌ലിസ് ഇഫ്തായുടെ മെമ്പറുമായിരുന്നു. അദ്ദേഹം രണ്ടു ഗ്രന്ഥവും എഴുതിയിട്ടുണ്ട്. അത് പ്രത്യേകിച്ചും പാക്കിസ്താനിലെ ജനങ്ങൾക്കു വേണ്ടിയായിരുന്നു. ആരോഗ്യസംരക്ഷണത്തിനുള്ള അടിസ്ഥാനതത്ത്വം, ഹെൽത്തി ലിവിംഗ്. ഇദ്ദേഹത്തിന്റെ ഭാര്യയും കുറച്ചു ദിവസം മുമ്പേ വഫാത്തായിരുന്നു. അവരെ ഞാൻ സ്മരിച്ചിരുന്നു. അവർ മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മകളായിരുന്നു. കഴിഞ്ഞ ജുമുഅക്ക് അവരുടെ ജനാസ ഞാൻ നമസ്കരിപ്പിച്ചിരുന്നു. അവരുടെ വഫാത്തിന് പതിനഞ്ചു ദിവസത്തിനുശേഷം ഇദ്ദേഹവും വഫാത്തായി. ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യയെ അനുസ്മരിച്ചപ്പോൾ പറഞ്ഞതുപോലെ മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ അത്വാഉൽ മാലിക് പറയുന്നു. എനിക്ക് ബോധം വെച്ചനാൾ മുതൽ പിതാവ് ഒരിക്കലും തഹജ്ജുദ് ഉപേക്ഷിച്ചിട്ടില്ല. ഇതുപോലെതന്നെ ഞങ്ങളുടെ മാതാവ് ഞങ്ങളോടു പറയാറുണ്ടായിരുന്നു വിവാഹത്തിന്റെ ആദ്യ ദിവസം മുതൽ തഹജ്ജുദ് നമസ്കാരം പതിവായി നമസ്കരിച്ചിരുന്നു. ചുരുക്കത്തിൽ ഏകദേശം 50 വർഷത്തിൽ അധികം കാലംവരെ നിത്യവും തഹജ്ജുദ് അനുഷ്ഠിച്ചു. ഉമ്മിയുടെ അവസാന രോഗത്തിലും പിതാവ് വളരെ പ്രയാസപ്പെട്ട് അവരുടെ ആരോഗ്യം ശ്രദ്ധിക്കാറുണ്ടായിരുന്നു. ഡയാലിസിസ് ചെയ്യിക്കുന്നതിനുവേണ്ടി ആശുപത്രിയിലും കൊണ്ടുപോകാറുണ്ടായിരുന്നു. അവിടെയും മണിക്കറുകളോളം ഇരിക്കേണ്ടി വരുമായിരുന്നു; വിശ്രമമില്ലാതെ. പക്ഷേ, എന്നിട്ടും തഹജ്ജുദ് നമസ്കാരം ഒരിക്കലും ഉപേക്ഷിച്ചില്ല. രോഗികളോടു അങ്ങേയറ്റം സഹതാപത്തോടെ പെരുമാറിയിരുന്നു. ദരിദ്രരെ സഹായിക്കുന്ന ആളായിരുന്നു. ദൂരദൂരനിന്ന് ദരിദ്രരായ രോഗികൾ അദ്ദേഹത്തിന്റെ അടുത്തുവരുമായിരുന്നു. മരുന്നു വാങ്ങുകയും, രോഗം സുഖമാകുകയും ചെയ്തു. ധാരാളം രോഗികളിൽനിന്ന് ഫീസും വാങ്ങുമായിരുന്നില്ല. ചില നേരത്ത് തന്റെ കൈയിൽനിന്ന് സഹായിക്കുകയും ചെയ്യുമായിരുന്നു. തന്റെ ഡോക്ടർമാരായ മൂന്നു മക്കളേയും പ്രത്യേകമായും ആവർത്തിച്ചും തങ്ങളുടെ രോഗികൾക്കുവേണ്ടി ദുആ ചെയ്യണമെന്ന് ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു. പല പ്രാവശ്യവും ഞാനെന്റെ പിതാവിനോടു എന്റെ രോഗികൾക്കുവേണ്ടി ദുആ ചെയ്യാൻ പറയുകയും അടുത്ത ദിവസം ഫോൺ ചെയ്ത് ദുആ ചെയ്ത രോഗിയുടെ വിവരം അദ്ദേഹം തിരക്കുകയും ചെയ്യുമായിരുന്നു.

1969-ൽ ഇംഗ്ലണ്ടിൽ കൺസൾട്ടന്റ് ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ എല്ലാ ഭൗതിക നേട്ടങ്ങളും പണവും ഉപേക്ഷിച്ച് അല്ലാഹുവിൽ സർവവും സമർപിച്ച് റബ്‌വയിൽ വന്നു. അല്ലാഹുവിൽ സമ്പൂർണ വിശ്വാസമായിരുന്നു. എല്ലാ ഭൗതികവും മതപരവുമായ ജോലിയിലും അല്ലാഹു സ്വയം ഉണ്ടാകുമെന്നും കുട്ടികളും

## ഹദീഥുന്നബ്വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുമെന്നും ദൃഢ വിശ്വാസമായിരുന്നു. അങ്ങനെ അല്ലാഹു കൃപ ചൊരിഞ്ഞു. ഒരിക്കലും സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടില്ല. കുട്ടികൾ ഉന്നതവിദ്യാഭ്യാസവും കരസ്ഥമാക്കി. അദ്ദേഹത്തിന്റെ മൂന്നു പുത്രന്മാരും ഡോക്ടർമാരാണ്. അവരും ഇപ്പോൾ അധികവും അമേരിക്കയിലാണ്. തങ്ങളുടെ പിതാവിനെ ഒരുപാട് സേവിച്ചിരുന്നു. അവസാനനിമിഷംവരെ മാതാവിന് സ്വയം ഭക്ഷണം കൊടുത്തുകൊണ്ടിരുന്നു. പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മാതാവ് ജീവിച്ചിരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞു. ഇദ്ദേഹത്തിന്റെ അടുക്കൽത്തന്നെയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ പറയുന്നു: ഞാൻ അമേരിക്കയിൽ പോകുമ്പോഴും പരീക്ഷയ്ക്കു തയ്യാറെടുക്കുമ്പോഴും എന്നെ ഒരുപാട് സഹായിച്ചു. കുട്ടികളായ ഞങ്ങൾക്ക് ഒരുപാട് പ്രോത്സാഹനം തന്നിരുന്നു. പ്രദർശനപരതയോടു അങ്ങേയറ്റം വെറുപ്പായിരുന്നു. എപ്പോഴും സാധാരണ ജീവിതം നയിച്ചു. ഓരോ ചെറുതും വലുതുമായ ജോലി ചെയ്യുന്നതിനു മുമ്പേ ഖലീഫത്തുൽ മസീഹിന് ദുആയ്ക്കു വേണ്ടി കത്തെഴുതുകയും അഭിപ്രായം തേടുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ ഡോക്ടർ മുഹമ്മദ് അഹ്മദ് ഖുറയ്ശിയാണ്. അദ്ദേഹം പറയുന്നു: 'ഖലീഫത്തുൽ മസീഹ് ഥാലിഥ് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരുന്നു. ഇദ്ദേഹം ഡോക്ടർ മാത്രമല്ല പ്രത്യുത ദുആ ചെയ്യുന്ന ഡോക്ടറാണ്. എല്ലാ രോഗികൾക്കു വേണ്ടിയും ദുആ ചെയ്യുമായിരുന്നു. ഓരോ ചീട്ടിലും മരുന്നു കുറിക്കുന്നതിനു മുമ്പേ ബിസ്മില്ലാഹിർറഹ്മാനിർറഹീം എഴുതുമായിരുന്നു. പിന്നീട് അതിനു താഴെ ഹുവശ്ശാഫി എന്നും എഴുതും. രോഗികൾക്കു വേണ്ടി ദുആ ചെയ്യണമെന്ന് മറ്റു ഡോക്ടർമാരേയും ഉപദേശിക്കുമായിരുന്നു; കാരണം യഥാർഥത്തിൽ രോഗശമനം അല്ലാഹുവിന്റെ കൈയിലാണ്. അവസാനം ഇദ്ദേഹം എഴുതുന്നു: എന്റെ മാതാവിന്റെ വഫാത്തിനു ശേഷം ശോർക്കോട്ടിൽനിന്ന് ഒരു രോഗി വന്നു. അപ്പോഴും എവിടെയോ പോകുകയായിരുന്നു. കാറിലിരിക്കുകയായിരുന്ന അദ്ദേഹം കാറിൽനിന്നിറങ്ങി രോഗിയെ പരിശോധിച്ചു. മരുന്ന് കുറിച്ചു നല്കി. ഡോക്ടർ രോഗികൾക്ക് തന്റെ പോക്കറ്റിൽനിന്ന് മരുന്ന് വാങ്ങി നല്കുമായിരുന്നു.

ഇദ്ദേഹത്തിന്റെ മകൾ പറയുന്നു, ഒരു സ്ത്രീ എന്നോടു പറഞ്ഞു. അവരുടെ പിതാവിന് ഹൃദയാഘാതമുണ്ടായി. അദ്ദേഹം വീട്ടിൽ തനിച്ചായിരുന്നു. അതായത് ആ സ്ത്രീയുടെ പിതാവ്. അദ്ദേഹം വീട്ടിൽപോയി രോഗിയെ പരിശോധിച്ചു. കുട്ടികൾക്ക് ഫോൺ ചെയ്തു. കുട്ടികൾ വീട്ടിൽ വരുന്നതുവരെ അദ്ദേഹത്തിന്റെ അടുത്തുനിന്ന് മാറിയില്ല. രോഗിയുടെ അടുത്തിരുന്നു.

എല്ലാ വർഷവും വളരെ തയ്യാറെടുപ്പോടെ ഇംഗ്ലണ്ടിലേയും ഖാദിയാനിലേയും ജൽസയിൽ പങ്കെടുക്കാൻ പോകുമായിരുന്നു. കഠിനാധ്വാനം ശീലമായിരുന്നു. അദ്ദേഹം വളരെ ധൈര്യത്തോടെ എപ്പോഴും ജോലി ചെയ്തു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: ഉമ്മിയുടെ വഫാത്തിനുശേഷം എന്നോടു പറഞ്ഞു. 'എന്നോടൊപ്പം നിന്റെ ഉമ്മിയുടെ എല്ലാ കാര്യങ്ങളുടേയും തയ്യാറെടുപ്പിൽ സഹായിക്കുക.' ജോലി പൂർത്തിയായപ്പോൾ എത്രത്തോളം നന്ദി പ്രകടിപ്പിച്ചുവെന്നാൽ ഞാൻ നാണിച്ചുപോയി. ആ ജോലികളെല്ലാം ചെയ്യുമ്പോൾ ഒരു കാര്യം ആവർത്തിച്ചു പറഞ്ഞു: 'മകളേ! എല്ലാ ജോലിയും വേഗം വേഗം ഇന്നുതന്നെ പൂർത്തിയാക്കുക. കാരണം എന്റെയടുത്ത് അധികസമയമില്ല.' ആ നേരത്ത് ഞാൻ പിതാവ് പറഞ്ഞ കാര്യത്തിൽ കൂടുതൽ ശ്രദ്ധ നല്കിയില്ല. കൂടുതൽ ചോദിച്ചതുമില്ല. കാരണം തന്റെ സ്വപ്നങ്ങളും മറ്റും കൂടുതലായി പറയാറില്ലായിരുന്നു. എന്നാൽ, അങ്ങ് അങ്ങയെക്കുറിച്ച് വല്ല സ്വപ്നവും കണ്ടിരുന്നോ എന്ന് ചോദിച്ചപ്പോൾ എന്റെ സമയം ഇപ്പോൾ കുറവാണെന്ന് പറഞ്ഞതായി പിന്നീട് സഹോദരൻ പറഞ്ഞു. വഫാത്താകുന്നതിന് ഒരു മണിക്കൂർ മുമ്പുവരെ രാവിലെ 9 മുതൽ ഒരു മണിവരെ തന്റെ വീടിനോടു ചേർന്ന ക്ലിനിക്കിൽ രോഗികളെ പരിശോധിച്ചിരുന്നു. ഒരു മണിക്ക് വീട്ടിൽ വന്നു. വുളു ചെയ്തു. മസ്ജിദ് മുബാറക്കിൽ പോയി നമസ്കരിക്കാനായിരുന്നു തീരുമാനം. കിടക്കയിലിരുന്നു ഷൂ ഊരിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അദ്ദേഹത്തിന് ഹാർട്ട് അറ്റാക്കുണ്ടാകുകയും തന്റെ യജമാനന്റെ സന്നിധിയിൽ ഹാജരാകുകയും ചെയ്തു.

അയൽവാസികളോടും സ്നേഹബന്ധമുണ്ടായിരുന്നു. അയൽവാസികളും അദ്ദേഹത്തെ വളരെയേറെ ശ്രദ്ധിച്ചിരുന്നു. കവിതയിലും സാഹിത്യത്തിലും താൽപര്യമായിരുന്നു. ദുർരെഥമീൻ, കലാമെ മഹ്മൂദ്, ദുർരെ അദൻ എന്നിവയിലെ പദ്യങ്ങൾ ഈണത്തിൽ ചൊല്ലാറുണ്ടായിരുന്നു. ധാരാളം കാസറ്റുകളും അദ്ദേഹം റെക്കോർഡ് ചെയ്യിച്ചിട്ടുണ്ട്. നല്ല കവിതകളെ നല്ലവണ്ണം പ്രശംസിച്ചിരുന്നു. ജ്ഞാനതൽപരനായിരുന്നു. സയ്യിദ് ഹുസയ്ൻ അഹ്മദ് ജമാഅത്തിന്റെ മുറബ്ബിയാണ്; അദ്ദേഹത്തിന്റെ ഭാര്യാസഹോദരിയുടെ ഭർത്താവുമാണ്. അദ്ദേഹം പറയുന്നു. ഡോക്ടർ സാഹിബ് പറഞ്ഞു. ലണ്ടനിൽനിന്ന് ജമാഅത്തിന്റെ ഹോസ്പിറ്റലിൽ സേവനത്തിന് പാക്കിസ്താനിൽ പോയി. ലാഹോറിൽനന്ന് ട്രെയിനിൽ (റബ്വ) ഇറങ്ങി. നേരെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽപോയി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അദ്ദേഹത്തെ അകത്തേക്കു വിളിച്ചു. വന്നോ! എന്ന് അദ്ദേഹം ചോദിച്ചപ്പോൾ ജീ ഹുദൂർ! ഹാജരായിരിക്കുന്നുവെന്ന് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു. താങ്കളുടെ വീട് ഞാൻ പെയിന്റ് തുടങ്ങിയവ ചെയ്യിച്ച് പൂട്ടിയിട്ടിരിക്കുകയാണ്. താങ്കൾ പോയി നാളിർ അഅ്‌ലായിൽനിന്ന് താക്കോൽ വാങ്ങിക്കൊള്ളുക. അവിടെ അതിൽ താമസിക്കുക. പറയുന്നു: ഞാൻ വീട്ടിൽ ചെന്ന് തുറന്നപ്പോൾ ഉള്ളിൽ രണ്ട് നാല് കട്ടിലുകൾ കിടപ്പുണ്ടായിരുന്നു. പിന്നീട് കൂടുതൽ കട്ടിലുകൾ അദ്ദേഹം പോയി തനിക്കുവേണ്ടി വാങ്ങി. വീട്ടുസാധനങ്ങൾ വാങ്ങുകയും അവിടെ താമസിക്കുകയും ചെയ്തു. ഒരു അഹംഭാവവും ഉണ്ടായിരുന്നില്ല. താൻ ഇംഗ്ലണ്ടിൽനിന്ന് വന്നതാണെന്ന ഒരു ഭാവവുമുണ്ടായിരുന്നില്ല. ആദ്യവർഷംതന്നെ ജൽസയിൽ അദ്ദേഹത്തിന്റെ അതിഥികൾ വന്നു. ജൽസയുടെ ദിനങ്ങളിൽ സ്വയം വൈക്കോലിലായിരുന്നു ഉറങ്ങിയിരുന്നത്. തന്റെ വീട് അതിഥികൾക്കു നല്കി. തന്റെ ഭാര്യാപിതാവായ മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിനെ ഒത്തിരി സേവിച്ചു. തന്റെ ഭാര്യാമാതാവിനേയും സേവിച്ചു. ഹുസയ്ൻ സാഹിബ് പറയുന്നു. ഡോക്ടർ സാഹിബ് പറയാറുണ്ടായിരുന്നു. എന്റെ കൂടെയുണ്ടായിരുന്ന ഉയർന്ന സ്ഥാനങ്ങൾ വഹിച്ചിരുന്ന ഡോക്ടർ ചോദിക്കാറുണ്ടായിരുന്നു, താങ്കൾ റബ്വ എന്ന ചെറിയ നാട്ടിൽ ജോലി ചെയ്യുന്നു. അതിന് താങ്കൾക്കെന്ത് വേതനമാണ് ലഭിക്കുന്നത്? പറയുന്നു. "ഞാൻ അവർക്ക് മറുപടി നല്കുമായിരുന്നു, ജനങ്ങൾക്ക് ഊഹിക്കാൻ കഴിയുകയില്ല, നിങ്ങൾക്ക് മനസ്സിലാക്കാനും സാധിക്കുകയില്ല, ഞാൻ റബ്വയിലിരുന്ന് ചെയ്യുന്ന ജോലിക്ക് എന്താണ് വേതനമെന്ന്. ദുആകൾക്ക് ഒരു വേതനവുമില്ല. അതിന് വില കല്പിക്കാനും കഴിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്തിനും ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബയ്ക്കും, ഹദ്റത്ത് സയ്യിദ അമത്തുൽ ഹഫീള് ബീഗം സാഹിബയ്ക്കും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ വഫാത്തിന്റെ നേരത്ത് ഇസ്‌ലാമാബാദിൽ ഹുദൂറിന്റെ അടുത്തുണ്ടായിരുന്നു. ഇപ്രകാരംതന്നെ അദ്ദേഹത്തിന് മറ്റു മഹാത്മാക്കളേയും സേവിക്കാൻ തൗഫീഖ് കിട്ടി.

ഡോക്ടർ അബ്ദുൽ ഖാലിദ് സാഹിബ് പറയുന്നു: 'ദരിദ്രരായവരുടെ ഡോക്ടർ ഈ നഗരത്തിൽനിന്ന് വിടവാങ്ങി' എന്നു ഞാൻ എഴുതിയതിൽ അതിശയോക്തി ഉണ്ടാകുകയില്ല. അദ്ദേഹം അരനൂറ്റാണ്ടിലധികം ഈ പ്രദേശത്ത് ദരിദ്രരും അശരണരുമായ രോഗികളെ മത ജാതി വിവേചനമൊന്നും കൂടാതെ സേവിച്ചു. അദ്ദേഹം ഹോസ്പിറ്റലിന്റെ ചീഫ് മെഡിക്കൽ ഓഫീസറായിരുന്നപ്പോൾ ഹോസ്പിറ്റലിനു വേണ്ടി വിവിധ സാധനങ്ങൾ വാങ്ങാൻ നേരിട്ട് ലാഹോറിൽ പോകുമായിരുന്നു. മാർക്കറ്റിൽനിന്ന് വിലകൾ പരിശോധിച്ച് നല്ലതും നിലവാരമുള്ളതുമായ സാധനങ്ങൾ വാങ്ങിവരുമായിരുന്നു. മിക്കപ്പോഴും മുഴുവൻ ദിവസവും അതിൽ ചെലവഴിക്കുമായിരുന്നു. എങ്കിലും ജമാഅത്തിന്റെ ധനത്തെ വേദനയോടും വിശ്വസ്തതയോടും കൂടി ചെലവഴിക്കുക എന്നതും അദ്ദേഹത്തിന്റെ സവിശേഷ ഗുണമായിരുന്നു. ഹോസ്പിറ്റലിൽ അൾട്രാസൗണ്ടിന്റേയും ആന്ത്രോസ്കോപ്പിയുടേയും വകുപ്പുകൾ നടത്തിയതും അദ്ദേഹമായിരുന്നു. തുടക്കത്തിൽ നടന്നും സൈക്കിളിലും ചില പുണ്യാത്മാക്കളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്തിന്റേയും വീട്ടിൽപോയി പരിശോധിക്കുമായിരുന്നു. അവർക്ക് നിർദ്ദേശം നല്കുമായിരുന്നു. ഫള്‌ലെ ഉമർ ഹോസ്പിറ്റലിനെ ഉദ്ധരിച്ച് പറയാറുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാരുടെ ദുആകൾ ഇതിനോടൊപ്പമുണ്ട്. ഞാൻ ഇവിടെ ചികിത്സാരംഗത്ത് ദൈവകൃപയാൽ ഒരുപാട് ദിവ്യദൃഷ്ടാന്തങ്ങൾ ഉണ്ടായത് കണ്ടിട്ടുണ്ട്.

ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബ്


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

എഴുതുന്നു: ഫള്‌ലെ ഉമർ ഹോസ്പിറ്റലിനു ചെയ്ത സേവനം ഏകദേശം 30 വർഷമാണ്. അതിനിടയിൽ അദ്ദേഹത്തിന് ചില പരീക്ഷണങ്ങളുമുണ്ടായി. അല്ലാഹുവിന്റെ ഈ വിനയദാസൻ തലകുനിച്ചുകൊണ്ടുപോയി. അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തുകൊണ്ടിരുന്നു.' സുൽത്വാൻ മുബശ്ശിർ സാഹിബ് എഴുതിയത് തികച്ചും ശരിയാണ്. ചില കാര്യങ്ങൾ എനിക്കും അറിയാം. വലിയ അന്തസ്സോടെ അദ്ദേഹം ഒരു പരാതിയും കൊണ്ടുവരാതെ പരീക്ഷണങ്ങളേയും ബുദ്ധിമുട്ടുകളേയും സഹിച്ചത് എനിക്കറിയാം. പിന്നീട് അല്ലാഹുവും അദ്ദേഹത്തിന് ഒരുപാട് നല്കി അനുഗ്രഹിച്ചു. ഒരിക്കലും ഭാരവാഹികളെ സംബന്ധിച്ച് എന്തെങ്കിലും പരാതിയോ അല്ലെങ്കിൽ തന്റെ കൂട്ടുകാരെ സംബന്ധിച്ച് പരാതിയോ തന്നോടുണ്ടായ അതിക്രമമോ ആരോടും പറഞ്ഞില്ല. ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബ് എഴുതുന്നു: എനിക്കോർമയുണ്ട്. കേവലം അമീറുമാരേയും മഹാത്മാക്കളേയുമല്ല. എല്ലാവരേയും ചികിത്സിക്കുക അദ്ദേഹത്തിന്റെ സവിശേഷഗുണമായിരുന്നു; പറയപ്പെട്ടതുപോലെ. ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബ് ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ ഉച്ചനേരത്ത് ഡ്രൈവർ റഹ്മത്തലി സാഹിബിന്റെ ഭാര്യ അത്യാഹിത വിഭാഗത്തിൽവന്നു. ഞാൻ ഡോക്ടർ സാഹിബനോടു ആശുപത്രിയിൽ വരാൻ അപേക്ഷിച്ചു. കുറച്ചു മിനിറ്റിനുള്ളിൽ തന്റെ വീടായ ദാറുൽ ഉലൂമിന്റെ കിഴക്കുഭാഗത്തൂടെ വന്നു. വീട് ഹോസ്പിറ്റലിലുമായിരുന്നില്ല. ഈ മഹല്ല് റബ്‌വയുടെ തികച്ചും മറുകരയിലായിരുന്നു. അവിടെയായിരുന്നു അദ്ദേഹത്തിന്റെ വീട്. അവിടെനിന്ന് പെട്ടെന്ന് വന്നു. ജമാഅത്തിനോടു കൂറുപുലർത്തുന്നയാളായിരുന്നു. പലപ്പോഴും യുവഡോക്ടർമാരായ ഞങ്ങൾ, മേലധികാരികളിൽനിന്ന് എന്തെങ്കിലും ഉണ്ടാകുമ്പോൾ ദ്വേഷപ്പെടുമായിരുന്നു. അപ്പോൾ ഞങ്ങൾക്ക് വലിയ സ്നേഹത്തോടെ ഇരുന്ന് മനസ്സിലാക്കിത്തരുമായിരുന്നു; എന്തൊക്കെയായാലും നമ്മൾ വ്യവസ്ഥിതിയെ അനുസരിക്കുകയും ക്ഷമ കാണിക്കുകയും വേണം.

അദ്ദേഹത്തിന്റെ ഭാര്യ ശൗക്കത്ത് സാഹിബ വഫാത്തായപ്പോൾ അതിന്റെ തൊട്ടടുത്ത ദിവസം അദ്ദേഹത്തിന്റെ സഹോദരിയുടെ രണ്ടു പുത്രന്മാരുടെ വലീമയായിരുന്നു. ആ ദിവസം അദ്ദേഹം വരന്റെ വീട്ടിൽപോയി പറഞ്ഞു. എന്റെ ഭാര്യ മരിച്ചിരിക്കുന്നു. എന്നാൽ, നിങ്ങൾ ഫംഗ്ഷൻ തീർച്ചയായും നടത്തുക. നിങ്ങളുടെ ഫംഗ്ഷൻ മാറ്റരുത്. കാരണം അദ്ദേഹത്തിന്റെ ഭാര്യ, വരന്റെ ഞാൻ പറഞ്ഞതുപോലെ മാതൃസഹോദരിയായിരുന്നു. ഹുസയ്ൻ സാഹിബിന്റെ രണ്ട് മക്കളായിരുന്നു വരന്മാർ. ഇരുവരുടേയും വലീമയുമായിരുന്നു. പക്ഷേ, അദ്ദേഹം പറഞ്ഞു. നിങ്ങൾ തീർച്ചയായും ഫംഗ്ഷൻ നടത്തുക. അതു നടത്തണ്ട എന്നു പറഞ്ഞ് തടഞ്ഞില്ല. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ മഹ്മൂദ് പറഞ്ഞു: 'ഞാൻ വലീമയ്ക്കു പോകുകയില്ല, വീട്ടിൽത്തന്നെ ഇരിക്കും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'പാടില്ല. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരാവേണ്ടതാണ്. അതാണ് ഉപദേശിച്ചത്. പറയുന്നു: അത്തരം അവസരങ്ങളിലാണ് മനുഷ്യന് പരീക്ഷണം എന്നും പറഞ്ഞു. ക്ഷമയും അല്ലാഹുവിന്റെ തൃപ്തിയും അറിയാൻ കഴിയുന്നു. പിന്നീട് മകനെ കൂടെ കൂട്ടി വലീമയിൽ പങ്കെടുത്തു. വലീമ കഴിയുന്നതുവരെ മരണം ആരേയും അറിയിക്കാതിരിക്കാൻ ഏർപാടു ചെയ്തു. അല്ലാഹു അദ്ദേഹത്തോടും കാരുണ്യത്തോടും പൊറുമയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ കുട്ടികൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യട്ടെ. ഈ കുട്ടികളുടെ മാതാപിതാക്കൾ മുമ്പേ വഫാത്തായി. ആ ഇരുവരുടേയും നന്മകൾ ഈ കുട്ടികളിലും തുടർന്നുകൊണ്ടുപോകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതാവ് ഞാൻ പറഞ്ഞതുപോലെ ജീവിച്ചിരിപ്പുണ്ട്. തീരെ സുഖമില്ല. അല്ലാഹു അവരുടെമേലും കരുണയും കൃപയും ചെയ്യുമാറാകട്ടെ.

## പാലക്കാട്-തൃശൂർ ജില്ലാ ആമില റിഫ്രഷർകോഴ്സ്

മജ്‌ലിസ് അൻസ്വാറുല്ലാഹ് പാലക്കാട്-തൃശൂർ ജില്ലയിലെ ആമില അംഗങ്ങൾക്കുവേണ്ടി അലനല്ലൂർ മസ്ജിദ് ഹാദിയായിൽ 16-02-20 ന് റിഫ്രഷർകോഴ്സ് സംഘടിപ്പിച്ചു.

നാഇബ് സ്വദ്ർ സി. ശമീം അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഉൽഘാടന സെഷനിൽ സി.പി സിദ്ദീഖ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ജില്ല നാളിം എം.താജുദ്ദീൻ സാഹിബ് അൻസ്വാറുല്ലാഹ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പാലക്കാട് ജില്ലാ അമീർ എച്ച്. സുലയ്മാൻ സാഹിബ് റിഫ്രഷർകോഴ്സ് ഉൽഘാടനം ചെയ്തു. നാഇബ് സ്വദ്ർ ഭാരത് ജനാബ് ശമീം അഹ്മദ് സാഹിബ് ഉപക്രമ പ്രാഭാഷണം നടത്തി.

ജില്ലാ നാളിം എം.താജുദ്ദീൻ സാഹിബ് സഈമുമാരുടേയും സെക്രട്ടറിമാരുടേയും പ്രവർത്തനങ്ങൾ വിശദീകരിച്ച് ക്ലാസെടുത്തു. സദസ്സിന്റെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ജില്ലാ നാളിമും പാലക്കാട്-തൃശൂർ ജില്ല ഇൻചാർജ് മൗലവി കെ.അബ്ദുസ്സലാം സാഹിബും മറുപടി നല്കി

ജില്ലാ നാഇബ് നാളിമെ ഉമൂമി എം ജലീൽ അഹ്മദ് നന്ദി പറഞ്ഞു. നാഇബ് സ്വദ്ർ ഭാരതിന്റെ ദുആയോടു കൂടി പരിപാടി സമാപിച്ചു.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.
ismayeel.ha@gmail.com

(പേജ് 1ൽനിന്ന്)

## ആത്മാവിന്റെ പരിശുദ്ധിയും രക്ഷയും

ദൈവികനിർദേശമിതാണ്. *ഖദ് അഫ്‌ലഹ മൻസക്കാഹാ വഖദ് ഖാബ മൻ ദസ്സാഹാ* (91:10–11) ആത്മാവിനെ ശുദ്ധമാക്കിയവൻ മോക്ഷം പ്രാപിച്ചു. ആത്മാവിനെ തകർത്തവൻ നാശമടയുകയും ചെയ്തു. 'ഫലഹ' പിളർത്തുന്നതിനാണ് പറയുന്നത്. കർഷകവൃത്തി അറിവുള്ളതാണല്ലോ. ആത്മാവിന്റെ ശുദ്ധീകരണത്തിലും കൃഷിജോലിയുണ്ട്. മുജാഹദ (ശരീരേച്ഛയോടുള്ള പോരാട്ടം) മനുഷ്യാത്മാവിനെ, അതിന്റെ ദോഷങ്ങളിൽനിന്നും ക്രൂരതകളിൽനിന്നും വൃത്തിയാക്കി അതിൽ ശരിയായ ഈമാനിന്റെ വിത്തു വിതയ്ക്കാൻ യോഗ്യമാക്കിത്തീർക്കുന്നു. പിന്നീട് ആ ഈമാനിന്റെ വൃക്ഷം വളരാൻ പ്രാപ്തമായിത്തീരുന്നു. പ്രാരംഭ ഘട്ടങ്ങളിലും നിലകളിലും 'മുത്തഖി'യ്ക്ക് (അല്ലാഹുവിനെ രക്ഷകനായി തിരഞ്ഞെടുത്തവൻ) വലിയ വലിയ വിപത്തുകളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടതായിവരുന്നു. അതുകൊണ്ടാണ് 'ഫലാഹി'നോടു വ്യാഖ്യാനം ചെയ്തിട്ടുള്ളത്. മറ്റൊരു സ്ഥലത്തു പറഞ്ഞു: *ഖുതിലൽ ഖർറാസൂനല്ലദീനഹും ഫീ ഗംറത്തിൻ സാഹൂൻ* (51:11–12) അല്ലാഹു സത്യനിഷേധികളുടെ അവസ്ഥ വിവരിക്കുകയാണ്. ഊഹിച്ചു ഓരോന്നും പറയുന്നവരുടെ ആത്മാക്കൾ 'ഗംറ'യിൽ പതിച്ചുകിടക്കുന്നു. തലയുയർത്താൻ വിടാതെ സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുന്ന വസ്തുവിനാണ് 'ഗംറ' എന്നു പറയുന്നത്. വയലിലും 'ഗംറ' ഉണ്ടാകുന്നുണ്ട്. അതിന് 'കുറണ്ട്' (അരക്കും മണ്ണും ചേർത്തുണ്ടാക്കുന്ന കല്ല്. ആയുധങ്ങൾ മൂർച്ച കൂട്ടാൻ ഉപയോഗിക്കുന്നു)എന്നു പറയുന്നു. അല്ലാഹു പറയുന്നു. ഊഹിച്ചു ഓരോന്നും പറയുന്നവർ നശിച്ചിരിക്കുന്നു. ഇതുവരെ അവരുടെ ആത്മാക്കൾ സമ്മർദ്ദത്തിൽ വീണുകിടക്കുകയാണ്. സത്യവിശ്വാസികൾക്ക് ഈ ആയത്തിൽ ഒരു ഉദാഹരണം നല്കി മുന്നറിയിപ്പ് നല്കുകയാണ്, 'ഗംറ' (സമ്മർദം) അകലാത്തിടത്തോളം ഉന്നതനിലയിലുള്ള ഉൾക്കാഴ്ച പ്രവർത്തിക്കുകയില്ല. അവൻ 'ഉലുൽഅബ്സ്വാർ' (കണ്ണുള്ളവൻ) എന്ന് പറയപ്പെടുകയുമില്ല. 'ഖുതില' എന്നു പറഞ്ഞിട്ടുള്ളത് അത് 'റഹ'മിന്റെ സ്ഥലമായതുകൊണ്ടാണ്. അതായത് അവൻ സ്വയം കർത്താവുമാണ്; തന്നെ സ്വയമേവ നശിപ്പിച്ചു. ചിലയാളുകളിൽ പതിവായി കളവു പറയുന്നതിന്റെ ബീജമുണ്ടാകും. അവർ ഉൾക്കാഴ്ചയോടും ദീർഘദൃഷ്ടിയോടുംകൂടി പ്രവർത്തിക്കുകയില്ല. മറിച്ച് കുഴപ്പമുണ്ടാക്കുന്ന തെറ്റുധാരണകളോടും അനുമാനങ്ങളോടും കൂടി പ്രവർത്തിക്കുന്നു. അതിലാണ് തങ്ങളുടെ കഴിവെന്ന് അവർ മനസ്സിലാക്കുന്നു. നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടസ്വഭാവങ്ങളുടെ ഭാഗം പൂർണമായ നിലയിൽ അവതരിപ്പിക്കുക എന്നതാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം. അദ്ദേഹം സമ്പൂർണനായ മനുഷ്യനാണ്. അതിനുശേഷം വിവിധ നിലയിൽ അവിടത്തെ ഉൽകൃഷ്ട ധാർമികസ്വഭാവങ്ങളിൽനിന്ന് കുറേശെ ഭാഗങ്ങൾ എടുക്കപ്പെട്ടു. ഒരാൾ ഒന്നെടുത്തു. മറ്റുള്ളവൻ വേറൊന്നെടുത്തു. ഒന്നിനുമേൽ മറ്റൊന്നിന്റെ സമ്മർദ്ദമുണ്ടായി; കർഷകന് നിർബന്ധമായിരിക്കുന്നതുപോലെ; അവൻ സമ്മർദം അകറ്റേണ്ടതാണ്. ഇല്ലെങ്കിൽ അതിന്റെ ഫലം മറ്റു ചെടികൾക്ക് നല്ലതായിരിക്കുകയില്ല. ഇപ്രകാരം തങ്ങളുടെ ആന്തരികമായ സമ്മർദത്തെ അകറ്റേണ്ടത് എല്ലാ മനുഷ്യർക്കും നിർബന്ധമാണ്. ഇല്ലെങ്കിൽ മറ്റു സവിശേഷ ഗുണങ്ങളേയും അത് കവർന്നെടുക്കുമോ എന്ന ആശങ്കയുണ്ട്.' (മൽഫൂദാത്ത്, വാല്യം 1, പേജ് 114–117, ഖാദിയാൻ 2018)

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 26 വെള്ളിയാഴ്ച (തുടർച്ച...)**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 5.30–ന് മസ്ജിദ് ബയ്ത്തുസ്സമീയിൽ സുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം ഓഫീസിലെത്തി ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും വായിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

ഇന്ന് വെള്ളിയാഴ്ചയായിരുന്നു. ഹ്യൂസ്റ്റണിൽ നിന്ന് മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ചാനൽ വഴി ആഗോള തലത്തിൽ ടെലികാസ്റ്റ് ചെയ്യപ്പെട്ട ആദ്യത്തെ ജുമുഅ ഖുത്ബയായിരുന്നു ഇത്. ഹ്യൂസ്റ്റണിൽ നിന്നും അമേരിക്കയിലെ മറ്റു വിവിധ ജമാഅത്തുകളിൽനിന്നും ദീർഘദൂരം യാത്ര ചെയ്തെത്തിയ അഹ്മദികൾക്കും ഹുദൂറിനെ പിന്തുടർന്ന് ജുമുആ നമസ്കരിക്കാനുള്ള തൗഫീഖ് ലഭിച്ചു. തെനീസി ജമാഅത്തിൽനിന്ന് 830 മൈൽദൂരം താണ്ടിയും ജോർജിയായിൽനിന്ന് 13 മണിക്കൂർയാത്ര ചെയ്തും കേണ്ടോക്കയിൽ നിന്ന് 1050 മൈൽ 16 മണിക്കൂർകൊണ്ടും മിയാമിയിൽ നിന്നുള്ളവർ മൂന്ന് മണിക്കൂർ വിമാന യാത്ര ചെയ്തുമാണെത്തിയത്. ബാൾട്ടിമോർ, ലോസ്ഏഞ്ചൽസ്, ലാറിയൽ, സിൽവർ സ്പ്രിംഗ് ജമാഅത്തുകളിൽനിന്ന് കുടുംബത്തോടെ എത്തിയവർ മൂന്നര മണിക്കൂർ വിമാന യാത്ര ചെയ്താണ് വന്നത്. ബോസ്റ്റൺ, ബേ പോയന്റ് ജമാഅത്തുകളിൽ നിന്നുള്ളവർ 4 മണിക്കൂർ വിമാന യാത്ര ചെയ്ത് എത്തി. ഇവരിൽ അധികപേരും വ്യാഴാഴ്ച വൈകുന്നേരംതന്നെ എത്തിക്കഴിഞ്ഞിരുന്നു. മസ്ജിദിന് പുറത്തും പന്തലുകളിട്ടിരുന്നു.1800 പേർ ജുമുആയിൽ പങ്കെടുത്തു. 1 മണിക്ക് ഹുദൂർ ബയ്ത്തുസ്സമീയിൽ ഖുത്ബ നിർവഹിച്ചു.(ഈ ജുമുഅ ഖുത്ബയുടെ പൂർണരൂപം 2018 നവംബർ 8ലെ ഉർദു ബദ്റിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.)

2.05വരെ ജുമുആ ഖുത്ബ നീണ്ടുനിന്നു. ജുമുആ നമസ്കാരത്തോടൊപ്പം അസ്ർ നമസ്കാരവും ് ജംആക്കി നമസ്കരിപ്പിച്ചു.തുടർന്ന് ഹുദൂർ വിശ്രമ സ്ഥലത്തേക്ക് മടങ്ങി.

**അമേരിക്കൻ കോൺഗ്രസ് അംഗം മിക്കായേൽ മിക് കൗൾ (Michael McCaul) ന്റെ കൂടിക്കാഴ്ച.**

4.30–ന് തന്റെ ഓഫീസിലെത്തിയ ഹുദൂറുമായി അമേരിക്കൻ കോൺഗ്രസ് അംഗം മിഖായേൽ മിക്കൗൾ കൂടിക്കാഴ്ച നടത്തി. അദ്ദേഹത്തോടൊപ്പം രണ്ട് ഉദ്യോഗസ്ഥരും പ്രസ് സെക്രട്ടറിയും ഉന്നത സഹായിയും കൂടിക്കാഴ്ചയിൽ പങ്കെടുത്തിരുന്നു.

കോൺഗ്രസ് മാൻ പറഞ്ഞു:'ഞങ്ങൾ ഹുദൂറിനെ അമേരിക്കയിലേക്ക് സ്വാഗതം ചെയ്യുന്നു.'

അദ്ദേഹത്തിന്റെ ഓഫീസ് ഇടപെട്ടുകൊണ്ടാണ് അമേരിക്കയുടെ വിദേശകാര്യ വകുപ്പ് ഹുദൂറിന്റെ സന്ദർശനത്തിന് വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തത്. അതിൽ അദ്ദേഹം തന്റെ സന്തോഷം പ്രകടിപ്പിച്ചു. ഇത് ഹുദൂറിന്റെ വ്യക്തിത്വത്തിന് അനുസരിച്ച് തന്നെയായിരുന്നു; ഹുദൂർ തീവ്രവാദത്തിനെതിരെ പ്രവർത്തിക്കുന്നതുകൊണ്ടും ലോകത്ത് സമാധാനത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ടും പ്രത്യേകിച്ചും.

**ഹുദൂർ:** താങ്കൾ പ്രകടിപ്പിച്ച ചിന്താഗതികൾക്ക് നന്ദി. ഞാൻ ഇസ്ലാമിന്റെ യഥാർഥവും അടിസ്ഥാനപരവുമായ അധ്യാപനങ്ങൾ മാത്രമേ വിശദീകരിക്കുകയുള്ളൂ. ഇക്കാലഘട്ടത്തിലെ തീവ്രവാദ വിഭാഗങ്ങളിൽനിന്നുള്ള പ്രവർത്തനങ്ങൾക്ക് ഇസ്ലാമുമായി ഒരുവിധ ബന്ധവുമില്ല. ഇസ്ലാമിന്റെ യഥാർഥ അർഥം സമാധാനം എന്നാണ്. അവസാന കാലത്ത് ഒരു പരിഷ്കർത്താവ് വരുമെന്നും അദ്ദേഹം ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കുമെന്നും യഥാർഥ ഇസ്ലാമിക അധ്യാപനം വിശദീകരിക്കുമെന്നും മുഹമ്മദ് നബി (സ) സുവാർത്ത നല്കിയിരുന്നു. നബി(സ)തിരുമേനിയുടെ സുവാർത്തകൾക്കനുസരിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഇസ്ലാമിന്റെ അടിസ്ഥാനപരവും യഥാർഥവുമായ സന്ദേശം സമർപിച്ചു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ, സമാധാനത്തിന്റെ അധ്യാപനങ്ങൾ ലോകത്താകമാനം സമർപിച്ചു വരുന്നു. എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ ഇസ്ലാമിന്റെ സത്യമായ അധ്യാപനവും തെളിവുകളുമല്ലാതെ ഒരു ആയുധവും ഞങ്ങൾ ഉപയോഗിക്കാറില്ല. തെളിവുകൾ കൊണ്ടാണ് ഇസ്ലാമിനെതിരിൽ വരുന്ന ആക്ഷേപങ്ങളെ ഞങ്ങൾ പ്രതിരോധിക്കുന്നത്.

അതിനുശേഷം കോൺഗ്രസ്മാൻ തീവ്രവാദികളുടെ പ്രവർത്തനങ്ങളെ കുറിച്ച് പ്രത്യേകം പരാമർശിച്ചു.

**ഹുദൂർ:** ഇങ്ങനെ തീവ്രവാദികളാകുന്നതിന് എന്തെങ്കിലും കാരണമുണ്ടാകും. നാമമാത്ര മുസ്ലിം പണ്ഡിതന്മാർ ഇസ്ലാമുമായി ഒരുവിധ ബന്ധവുമില്ലാത്ത തെറ്റായ അധ്യാപനങ്ങളാണ് നല്കിക്കൊണ്ടിരിക്കുന്നത്; ഖുർആനിലുമില്ല, തിരുനബിയുടെ പ്രവർത്തനങ്ങളിൽ നിന്ന് പ്രകടവുമല്ല. ഈ തെറ്റായ അധ്യാപനം ജനങ്ങളെ തീവ്രവാദികളാക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടും ജനങ്ങൾ മുല്ലാമാരുടെ പിന്നാലെ പോകുന്നു. ഭൗതികമായ വിദ്യഭ്യാസം നേടിയവർക്കും മതപരമായ അറിവ് ഉണ്ടാകുകയില്ല. അവരും മുല്ലാമാർ പറയുന്നതിന്റെ പിന്നാലെ പോകുന്നു. പിന്നീട് ദാരിദ്ര്യം നിറഞ്ഞജീവിതവും തൊഴിലില്ലായ്മയും തീവ്രവാദം വ്യാപിക്കുന്നതിന് അവസരം സൃഷ്ടിക്കുന്നു. മുസ്ലിമീങ്ങൾക്ക് വിദ്യാഭ്യാസത്തിനും ജോലിക്കുമുള്ള അവസരം സൃഷ്ടിക്കുക എന്നതുമാത്രമാണ് അതിനുള്ള പരിഹാരം.

അഹ്മദികളാരും തീവ്രവാദത്തിലേക്ക് ചായുന്നതായി നിങ്ങൾ കാണില്ല. കാരണം അഹ്മദി ഇസ്ലാമിന്റെ സത്യമായതും യഥാർഥവുമായ അധ്യാപനങ്ങൾ അറിയുന്നവരാണ്. അതുകൊണ്ട് അവർ തീവ്രവാദിയാകില്ല. ലോകത്ത് ഏതു ഭാഗത്ത് നിവസിക്കുന്ന അഹ്മദിയുടേയും ജീവിതരീതിയും മാതൃകയും പ്രവർത്തനവും ഒരുപോലെയാണ്. കാരണം അവർ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കോൺഗ്രസ്മാൻ തീവ്രവാദത്തിനെതിരിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മാതൃകയുടെ പ്രാധാന്യം വിശദീകരിച്ചു. മുസ്ലിം ലോകത്തിന് ഹുദൂർ തന്നെയാണ് യഥാർഥ വഴികാട്ടിയെന്നും പറഞ്ഞു. എല്ലാ മുസ്ലിമീങ്ങളും ഹുദൂറിന്റെ നിർദേശങ്ങൾ മനസ്സിലാക്കണമെന്നും അതനുസരിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു.

**ഹുദൂർ:** തീവ്രവാദത്തിനെതിരെയുള്ള യുദ്ധപരിഹാരം ഒരു പക്ഷേ, നമ്മുടെ ജീവിത കാലത്ത് അസാധ്യമാണ്. വരാനിരിക്കുന്ന തലമുറകൾക്ക് ഒരു പക്ഷേ സാധ്യമാകും.

തുടർന്ന് ഗ്വാട്ടിമാല ഹോസ്പിറ്റലിന്റെ സ്ഥാപനത്തെ കുറിച്ചും സ്മരണയുണ്ടായി.

**ഹുദൂർ:** കേവലം പൊതുജനത്തിന് സേവനം എത്തിക്കുന്നതിന് മാത്രമാണ് അവിടെ ഈ ഹോസ്പിറ്റൽ ഞങ്ങൾ തുറന്നത്. അവിടെനിന്ന് ഞങ്ങൾക്ക് ഒന്നും സമ്പാദിക്കാനല്ല. ഞങ്ങൾ ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ ഹോസ്പിറ്റലുകളും വളരെയധികം സ്കൂളുകളും തുറന്നിട്ടുണ്ട്.വർഗ വർണ വ്യത്യാസമില്ലാതെ മുസ്ലിം, ക്രിസ്ത്യൻ കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്.

ഇവിടെ അമേരിക്കയിൽ വന്നതിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചും സംഭാഷണം നടന്നു.

**ഹുദൂർ:** മൂന്ന് മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയുണ്ടായിരുന്നു. ഗ്വാട്ടിമാലയിൽ ഹോസ്പിറ്റലിന്റെ ഉൽഘാടന പരിപാടിയും ഉണ്ടായിരുന്നു. എന്റെ കമ്മ്യൂണിറ്റിയിലെ ആളുകളേയും കാണണമായിരുന്നു. കൂടാതെ നിങ്ങളെ പോലുള്ള മാന്യവ്യക്തികളേയും കാണേണ്ടതുണ്ടായിരുന്നു.

തുടർന്ന് കോൺഗ്രസ് അംഗം മിഖായേൽ മിക്കൗൾ അഹ്മദിയ്യാ മുസ്ലിം കോക്കസി (Caucas)നെ കുറിച്ചും സൂചിപ്പിച്ചു. അപ്പോൾ ഹുദൂർ അദ്ദേഹത്തോട് അങ്ങ് ഇതിന്റെ ചെയർമാനാണോ? എന്ന് ചോദിച്ചു.

മിഖായേൽ മിക്കൗൾ പറഞ്ഞു:

തന്റെ ഏറ്റവും അടുത്ത സുഹൃത്ത് കോൺഗ്രസ് അംഗം പീറ്റർ കിംഗ് ഓഫ് ന്യൂയോർക്കാണ് ഇതിന്റെ ചെയർമാൻ.

തുടർന്ന് ജൽസാ സാലാന യൂ.കെ യെ കുറിച്ചും സ്മരിക്കുകയുണ്ടായി.

**ഹുദൂർ:** ലോകത്തെ വിവിധ രാജ്യങ്ങളിൽ നിന്ന് അതിഥികൾ വരാറുണ്ട്. നാല്പതിനായിരം പേർ വരെ ഇതിൽ പങ്കെടുക്കാറുണ്ട്. ഒരു 'ഫാമി'ലണ് ജൽസാ സംഘടിപ്പിക്കുന്നത്. ഒരു താല്ക്കാലിക ഗ്രാമം തന്നെനിർമിക്കാറുണ്ട്. ഇതിൽ 70% പ്രവർത്തനങ്ങളും സന്നദ്ധസേവകരാണ് ചെയ്യുന്നത്. അവിടെ പോലീസുകാർ ഡ്യൂട്ടിയ്ക്കായി വരാറുണ്ട്. തങ്ങൾ ഇവിടെ വരേണ്ടുന്നതിന്റെ ആവശ്യം തന്നെയെന്താണെന്നാണ് അവർ ചേദിക്കാറുള്ളത്; നിങ്ങളുടെ യുവാക്കൾ സെക്യൂരിറ്റിയുടെ എല്ലാ ഉത്തരവാദിത്വങ്ങളും നിർവഹിക്കുകയാണല്ലോ.

ഇവിടേയും പുറത്ത് പോലീസുണ്ട്. അവർ അവരുടെ ഡ്യൂട്ടിയിലാണ്. ഉള്ളിൽ ഒരു വിധത്തിലുള്ള സെക്യൂരിറ്റി സംവിധാനത്തിന്റെയും പ്രശ്നങ്ങളുമില്ല. പുറത്തുണ്ടാകാം.

തുടർന്ന് കോൺഗ്രസംഗം ഹുദൂറിന്റെ ലണ്ടൻ താമസത്തെ കുറിച്ചും പാക്കിസ്താനിൽ ജമാഅത്തിന്റെമേൽ അരങ്ങേറുന്ന അതിക്രമങ്ങളെ കുറിച്ചും മനുഷ്യാവകാശ ധ്വംസനത്തെ കുറിച്ചും സൂചിപ്പിച്ചു.

**ഹുദൂർ:** അഹ്മദി നിയമപരമായും ഭരണഘടനാപരമായും അമുസ്ലിമീങ്ങളാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് 1974–ൽ പാക്കിസ്താനിലെ അപ്പോഴത്തെ പ്രധാന മന്ത്രിയായിരുന്ന ദുൽഫിഖാർ അലി ഭൂട്ടോ നിയമം ഉണ്ടാക്കി. ഇവിടെ ലണ്ടനിൽ വരുന്നതിന്നു മുമ്പേ ഞാൻ റബ്വയിലായിരുന്നു. ലാഹോറിൽ നിന്ന് 100മൈൽ അകലെയാണ് റബ്വ സ്ഥിതി ചെയ്യുന്നത്. ഇസ്

ലാമാബാദിൽനിന്ന് ഏകദേശം 250 മൈൽ അകലെയുള്ള റബ്‌വയുടെ 97% വാസികളും അഹ്മദികളാണ്. എന്നിട്ടും അവിടുത്തെ ലോക്കൽ കൗൺസിലിൽ ഞങ്ങളുടെ ഒരു അംഗവുമില്ല. രണ്ട് ശതമാനമുള്ള ന്യൂനപക്ഷമാണ് ഭരിക്കുന്നത്. അവർ റബ്‌വയിൽ ഞങ്ങളെ ഭരിക്കുന്നു!

വോട്ട് ചെയ്യാനുള്ള അവകാശം തടയപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് ഹുദൂർ ഇങ്ങനെ വിശദീകരിച്ചു: ഭരണകൂടം ഞങ്ങളുടെമേൽ നിബന്ധന വെച്ചിരിക്കുന്നത് അമുസ്‌ലിം എന്ന് ഞങ്ങൾ സ്വയം അംഗീകരിക്കണമെന്നാണ്. അങ്ങനെ ചെയ്താൽ വോട്ട് ചെയ്യാനുള്ള അവകാശം ഞങ്ങൾക്ക് അവർ നല്കുമത്രെ! നിങ്ങൾ എങ്ങനെ എന്നെ മനസ്സിലാക്കുന്നോ അങ്ങനെ ചെയ്യാൻ നിങ്ങൾക്കവകാശമുണ്ട്. എന്നാൽ, എന്നെ നിർബന്ധിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഞാൻ എന്നെ അമുസ്‌ലിം എന്ന് വിളിക്കാൻ നിർബന്ധിക്കാൻ നിങ്ങൾക്കവകാശമില്ല. ഞാൻ പാക്കിസ്താനിലായിരുന്നു. അവിടെ ജമാഅത്തിന്റെ പരമോന്നത കാര്യദർശിയായിരുന്നു. ജമാഅത്തിനെതിരിലുള്ള നിയമങ്ങൾ കാരണത്താൽ എനിക്കും 11 ദിവസം ജയിലിൽ കിടക്കേണ്ടി വന്നിരുന്നു. എന്നാൽ, ഞാനൊരു തെറ്റായ പ്രവൃത്തിയും ചെയ്തിരുന്നില്ല. ആരേയും മർദിച്ചിട്ടില്ല, ഏതോ എതിരാളി വ്യാജ മായ പരാതി നല്കി. പിന്നീട് മജിസ്ട്രേറ്റ് പരാതി വ്യാജമാണെന്നും തെറ്റായ രീതിയിൽ ജയിലിട്ടതാണെന്നും മനസ്സിലാക്കുകയും മോചിപ്പിക്കുകയും ചെയ്തു. സിയാഉൽഹഖ് അയാളുടെ കാലഘട്ടത്തിൽ അതികഠിനമായ നിയമമുണ്ടാക്കി. അസ്സലാമു അലയ്ക്കും എന്നു പറയാൻ പോലും പാടില്ലാത്ത അവസ്ഥയുണ്ടാക്കി. സലാം ചൊല്ലിയാൽ മൂന്ന് വർഷത്തെ തടവാണ്. കുട്ടികൾക്ക് മുസ്‌ലിമീങ്ങളുടെ പേര് വെക്കാൻ പാടില്ല. വിവാഹകത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന് എഴുതിയ കാരണത്താൽ അഹ്മദികളുടെമേൽ കേസ് നടന്നു വരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള ആരോപണങ്ങളിൽ ധാരാളം അഹ്മദികൾ ജയിലിലാണ്. ഞങ്ങൾ സ്വന്തം മസ്ജിദിൽ പോകുന്നു. ബാങ്ക് കൊടുക്കാൻ പാടില്ല. മസ്ജിദിനെ മസ്ജിദ് എന്ന് പറയാൻ പാടില്ല.

സ്വയം ഒരു സെക്യുലർ നേതാവെന്ന് വിളിച്ചിരുന്ന പ്രധാനമന്ത്രി സുൽഫിഖാർ അലി ഭുട്ടോ അഹ്മദിയ്യാ ജമാഅത്തിനെ അമുസ്‌ലമാക്കി പ്രഖ്യാപിച്ചത് എന്തിന് വേണ്ടിയാണെന്ന് കോൺഗ്രസംഗം അത്ഭുതത്തോടെ ചോദിച്ചു.

**ഹുദൂർ:** അഹ്മദി രാജ്യത്ത് പ്രാധാന്യത്തോടെ കാണപ്പെടുന്നു എന്നതാണ് ഒരു കാര്യം. ഇലക്ഷനിൽ അഹ്മദിയ്യാ ജമാഅത്ത് അദ്ദേഹത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു. പ്രത്യേകിച്ചും അദ്ദേഹത്തെ കുറിച്ച് ഒട്ടും അറിയാതിരുന്ന പ്രദേശങ്ങളിൽ. ഞങ്ങളുടെ ജമാഅത്ത് ഒരു സുസംഘടിത ജമാഅത്താണ്. ഞങ്ങളുടെയടുക്കൽ വോട്ടുണ്ടായിരുന്നു. ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്താണ് ഒരു ഭരണകൂടം ഉണ്ടാക്കുന്നതിന് ഭൂട്ടോയെ സഹായിച്ചത്.ഇതാണ് ഒന്നാമത്തെ കാര്യം. മുസ്‌ലിം ലോകത്തിന്റെ നേതാവാകാനും അയാൾ ആഗ്രഹിച്ചിരുന്നു. അയാൾ പാക്കിസ്താനിൽ ഒരു സമ്മിറ്റ്(Summit) കോൺഫ്രൻസ് സംഘടിപ്പിച്ചു. അതിൽ മുസ്‌ലിം ലോകത്തിലെ നേതാക്കളെല്ലാവരും വന്നു. അഹ്മദികളെ അമുസ്‌ലിമാക്കി പ്രഖ്യാപിച്ചാൽ മുസ്‌ലിം രാജ്യങ്ങളിൽ തനിക്കൊരു സ്ഥാനം ലഭിക്കും എന്ന് ഭൂട്ടോ വിചാരിച്ചു. ഈ പ്രശ്നങ്ങളെല്ലാം രാഷ്ട്രീയമായാണ് സംഭവിച്ചത്.

ഹുദൂറിന്റെ ലണ്ടൻ യാത്രയെ കുറിച്ചും പരാമർശമുണ്ടായി.

**ഹുദൂർ:** ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയുടെ നിര്യാണത്തെ തുടർന്ന് ഏതാനും ദിവസത്തേക്ക് ലണ്ടനിലേക്ക് വന്നതാണ്. ഇലക്ടറൽകോളെജിൽ അംഗമായിരുന്നു. ഞാൻ മടങ്ങിപ്പോകാൻവേണ്ടി വന്നതായിരുന്നു. ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെട്ടു. അപ്പോൾ എനിക്ക് പാക്കിസ്താനിലേക്ക് മടങ്ങിപ്പോകാൻ കഴിയില്ലായിരുന്നു. അവിടെ ആരോടും അസ്സലാമു അലയ്ക്കും പറയാൻ കഴിയില്ല. വെള്ളിയാഴ്ച ഖുത്ബ നല്കാൻ കഴിയില്ല. ഖലീഫത്തുൽ മസീഹ് എന്ന നിലയിലുള്ള ഉത്തരവാദിത്വം നിർവഹിക്കാനും കഴിയില്ല. ഇവിടെ ഹ്യൂസ്റ്റണിൽ ഞാൻ നല്കിയ വെള്ളിയാഴ്ച ഖുത്ബ മുഴു ലോകത്തും ടെലികാസ്റ്റ് ചെയ്തു. എട്ട് ഭാഷയിൽ അതിന്റെ തർജമയും നടന്നു. പാക്കിസ്താനിൽ ഇത് സാധ്യമാകുമായിരുന്നില്ല.

കോൺഗ്രസംഗം മിഖായേൽ സാഹിബ്: ഈ അവസ്ഥയിൽ ഹുദൂർ പാക്കിസ്താനിൽ പോയാൽ ഹുദൂറിനെ അറസ്റ്റ് ചെയ്യാനും സാധിക്കും.

**ഹുദൂർ:** അതെ, അങ്ങനെ തന്നെയാണ് സംഭവിക്കുക. പാക്കിസ്താനിൽ മുല്ലാമാരുടെ ശക്തിയാണ്. മുശർറഫ് പ്രസിഡന്റായിരിക്കുമ്പോൾ തീരുമാനിക്കപ്പെട്ടതായിരുന്നു എല്ലാവരേയും ചേർത്ത് ഇലക്ഷൻ നടത്തുമെന്ന്. പാക്കിസ്താൻ പൗരൻ എന്ന നിലയിൽ അഹ്മദികൾക്കും വോട്ട് നല്കാൻ അവകാശമുണ്ടെന്നും പറഞ്ഞു. ഈ തീരുമാന സമയത്തും മുല്ലാവർഗം ഭയങ്കര ഒച്ചപ്പാടുണ്ടാക്കി. അപ്പോൾ അയാൾ മുല്ലാവർഗത്തിന്റെ മുമ്പിൽ മുട്ടുമടക്കി. ഏത് ഭരണകൂടമാണെങ്കിലും മുല്ലാവർഗത്തിന്റെ പ്രഷറിന് കീഴിലാകുന്നു. ഇപ്പോൾ ഇംറാൻഖാനിന്റെ ഭരണകൂടമാണ്. അയാളും മുല്ലാവർഗത്തിന്റെ മുമ്പിൽ മുട്ട് മടക്കിയിരിക്കുകയാണ്. ഇവിടെ അമേരിക്കയിലെ ഒരു പ്രൊഫസറായിരുന്ന ആതിഫ് മിയാനിനെ ഇംറാൻ ഖാൻ ഭരണകൂടത്തിന്റെ ഇക്ണോമിക് അഡ്വൈസറി കൌൺസിലിൽ ഉൾപ്പെടുത്തിയിരുന്നു. അപ്പോൾ മുല്ലാവർഗം ഇയാൾ അഹ്മദിയാണെന്നും ഇയാളെ പുറത്താക്കണമെന്നും പറഞ്ഞ് ഒച്ചപ്പാടുണ്ടാക്കി. ഭരണകൂടം അദ്ദേഹത്തെ പുറത്താക്കി. ഞങ്ങൾക്ക് മുല്ലാവർഗത്തെ എതിരിടാൻ വയ്യ എന്ന് പറഞ്ഞുകൊണ്ട് രാജിവെക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയായിരുന്നു.

കൂടിക്കാഴ്ചയ്ക്കൊടുവിൽ കോൺഗ്രസംഗം പറഞ്ഞു: 'ഹുദൂർ തീവ്രവാദം അവസാനിക്കാനും അമേരിക്കയിൽ സമാധാനം ഉണ്ടാകാനും വേണ്ടി പ്രത്യേകം ദുആ ചെയ്യുക. ഹുദൂർ ഇപ്പോൾത്തന്നെ ഞങ്ങൾക്കുവേണ്ടിയും ദുആ ചെയ്യണം.'

ഹുദൂർ ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹു തആല ലോകത്ത് നിന്ന് തീവ്രവാദികളെ തുടച്ചു നീക്കുമാറാകട്ടെ. ലോകത്ത് സമാധാനം കൈവരുമാറാകട്ടെ.'

ഒടുവിലായി കോൺഗ്രസംഗം പറഞ്ഞു: 'മുഴുവൻ മുസ്‌ലിം ലോകത്തിനും എന്നല്ല, മുഴുലോകത്തിനും ഹുദൂറിന്റെ മാർഗദർശനത്തിന്റേയും സന്ദേശത്തിന്റേയും ആവശ്യമുണ്ട്.'

ശേഷം അദ്ദേഹം ഹുദൂറുമൊത്ത് ഫോട്ടോ എടുത്തും സായൂജ്യം നേടി. ഈ കൂടിക്കാഴ്ച 5.15–ന് അവസാനിച്ചു.

## മസ്ജിദ് ബയ്ത്തുസ്സമീയിന്റെ അനാച്ഛാദന കർമം.

മസ്ജിദിന് പുറത്തേക്ക് വന്ന ഹുദൂർ ഭിത്തിയിൽ പതിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്ത് ഉദ്ഘാടനം നിർവഹിക്കുകയും ദുആ ഇരക്കുകയും ചെയ്തു. അതിൽ ഇങ്ങനെ ആലേഖനം ചെയ്തിട്ടുണ്ട്:

"1998 ജൂൺ 30 ചൊവ്വാഴ്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഈ മസ്ജിദിന് തറക്കല്ലിട്ടു. ഈ മസ്ജിദിന്റെ ഉൽഘാടനം അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയുടെ മുൻ അമീർ ആദരണീയനായ ഡോക്ടർ ഇഹ്സാനുല്ലാഹ് സഫർ സാഹിബ് 2004 ഏപ്രിൽ 2 വെള്ളിയാഴ്ച നിർവഹിച്ചു. ആ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ചുവടെ ചേർക്കുന്ന സന്ദേശം അയച്ചു തന്നിരുന്നു. 'അൽഹംദുലില്ലാഹ്, ഹ്യൂസ്റ്റൺ അഹ്മദിയ്യാ ജമാഅത്തിന് മനോഹരമായ ഒരു മസ്ജിദ് നിർമിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരിക്കുന്നു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. സാമ്പത്തിക ത്യാഗം നിർവഹിച്ച എല്ലാവർക്കും ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ധനത്തിലും ആയുസ്സിലും അനുഗ്രഹം ഇടുമാറാകട്ടെ. അതുപോലെതന്നെ മസ്ജിദുമായി ബന്ധപ്പെട്ടു കിടക്കുന്ന എല്ലാ അനുഗ്രഹങ്ങളും ഈ പ്രദേശത്തിനും ഈ നഗരത്തിനും അഹ്മദിയ്യാ ജമാഅത്തിന്റെ എല്ലാ വ്യക്തികൾക്കും ലഭിക്കുമാറാകട്ടെ. ഏകനായ അല്ലാഹുവിനെ ആരാധിക്കാൻവേണ്ടി ഒത്തു ചേരുന്നതിനാണ് മസ്ജിദ് നിർമിക്കുന്നത്. മസ്ജിദിന്റെ യഥാർഥ സൗന്ദര്യം അതിൽ നമസ്കരിക്കുന്നവരുമായിട്ടാണ് ബന്ധിതമായിട്ടുള്ളത്. ഇനിയാണ് നിങ്ങളുടെ യഥാർഥ പ്രവർത്തനം ആരംഭിക്കുന്നത്. നിങ്ങൾ അല്ലാഹുവിനുവേണ്ടിമാത്രം ഇബാദത്ത് ചെയ്യുന്ന വ്യക്തികളെക്കൊണ്ട് ഈ മസ്ജിദ് നിറയ്ക്കേണ്ടതാണ്. അല്ലാഹു നിങ്ങളെ അവനുവേണ്ടി പരിശുദ്ധിയോടെ ഇബാദത്ത് ചെയ്യുന്ന ദാസന്മാരിൽ ഉൾപ്പെടുത്തുമാറാകട്ടെ. അത്തരത്തിലുള്ള നമസ്കാരക്കാരെക്കൊണ്ട് ഈ മസ്ജിദ് നിറയ്ക്കുമാറാകട്ടെ.

ഇന്ന് ഒക്ടോബർ 21ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ചരിത്രപരമായ യാത്രയുടെ സ്മരണയിൽ ഈ ഫലകം ഇവിടെ സ്ഥാപിക്കുന്നു."

ശേഷം ഹുദൂർ ഓഫീസിലേക്ക് മടങ്ങി.

### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

### കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 27 February 2020 Issue-9

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

## പ്രൊഫസർമാരുമായുള്ള കൂടിക്കാഴ്ച.

അമേരിക്കയിലെ റൈസ് യൂണിവേഴ്സിറ്റിയിലെ സോഷ്യോളജിയിൽ വിദഗ്ദനായ പ്രൊഫസർ ക്രേഗ് കാൻസീഡൈനും മധ്യകിഴക്കനേഷ്യയിലെ വിവിധ അറിവുകളിൽ വിദഗ്ദനായ പ്രൊഫസർ ഇംറാൻ അൽബദാവിയും ഹുദൂറിനെ കാണാനെത്തിയിരുന്നു.

കൂടിക്കാഴ്ചയുടെ തുടക്കത്തിൽ ഇരുവരും അവരെ പരിചയപ്പെടുത്തി. ശേഷം പ്രൊഫസർ അൽബദാവി തന്റെ ഗ്രന്ഥമായ 'ദ ഖുർആൻ ആൻഡ് അറാമിക് ഗോസ്പെൽ ട്രഡിഷൻസ്'(Quran and the Aramic Gospel Traditions) എന്നഗ്രന്ഥം ഹുദൂറിന് സമർപിച്ചു. ഹുദൂർ അദ്ദേഹത്തിന് നന്ദി പറഞ്ഞു. പ്രൊഫസർ അൽബദാവി തന്റെ പുതിയ പ്രൊജക്ടിനെ ഈ വാക്കുകളിൽ പരിചയപ്പെടുത്തി:

'സമൂഹവും ഖുർആനും എന്ന വിഷയവുമായി ബന്ധപ്പെട്ടാണ് അതുള്ളത്.' കൂടാതെ അദ്ദേഹം സംഘടിപ്പിച്ച ഒരു കോൺഫ്രൻസിനെ കുറിച്ചും സൂചിപ്പിച്ചു. പാക്കിസ്താനിൽനിന്ന് ആദരണീയനായ മുജീബുർറഹ്മാൻ സാഹിബ് അഡ്വക്കേറ്റ് ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അഹ്മദിയ്യാ ജമാഅത്ത് സമർപിച്ചിട്ടുള്ള വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനം തികച്ചും യാഥാർഥ്യങ്ങളിൽ അധിഷ്ഠിതമാണ്. അതിനെ വളരെ പ്രശംസിച്ച അദ്ദേഹം വളരെ ആദരവോടെയാണ് കാണുന്നത്.

**ഹുദൂർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയ വിശുദ്ധ ഖുർആനിന്റെ ആമുഖ വ്യാഖ്യാനം എന്ന ഗ്രന്ഥം വായിച്ചിട്ടുണ്ടോ.?

അൽബദാവി: ഇല്ല, വായിച്ചിട്ടില്ല.

**ഹുദൂർ:** പ്രൊഫസർ സാഹിബിന് ഈ ഗ്രന്ഥം നല്കുക.

തുടർന്ന് പ്രൊഫസർ സാഹിബിന് ആ ഗ്രന്ഥം നല്കി. അദ്ദേഹം ഹുദൂറിന് നന്ദി പറഞ്ഞു.

**ഹുദൂർ:** ഈ വ്യാഖ്യാനത്തിന്റെ ആദ്യ ഭാഗത്ത് മതങ്ങളെ സംബന്ധിച്ചും വിവിധ മതങ്ങളെ കുറിച്ചുള്ള താരതമ്യ പഠനമാണുള്ളത്. ഇതിന്റെ രണ്ടാം ഭാഗത്ത് നബി(സ)തിരുമേനിയുടെ ജീവിതാവസ്ഥകളാണ് വിവരിക്കപ്പെട്ടിട്ടുള്ളത്.

ഇതിന്നു ശേഷം പ്രൊഫസർ കാൻസിഡൈൻ തന്റെ ഗ്രന്ഥത്തിനുവേണ്ടിയുള്ള പഠനപ്രവർത്തനത്തെ കുറിച്ച് സൂചിപ്പിച്ചു. അത് അയർലണ്ടിലെ ഡബ്ളിനിലേയും അമേരിക്കയിലെ ബോസ്റ്റണിലേയും മുസ്‌ലിം യുവാക്കളുടെ ചിന്താഗതികളേയും ശീലങ്ങളേയും കുറിച്ചുള്ളതാണ്.

**ഹുദൂർ:** മുസ്‌ലിം യുവതികളെ ഉൾപ്പെടുത്താത്തതെന്തേ?

പ്രൊഫസർ സാഹിബ്: യുവതികളെ ഇന്റർവ്യൂ ചെയ്യാനുള്ള സാമൂഹികമായ തടസ്സങ്ങളാണ്.

**ഹുദൂർ:** ഒരു ഗവേഷണവും മുസ്‌ലിം പെൺകുട്ടികളെ ഇന്റർവ്യൂ ചെയ്യാതെ പൂർണമാകില്ല. ഈ പ്രവൃത്തിക്കുവേണ്ടി ലോകത്തെ വിവിധ സ്ഥലങ്ങൾ നിങ്ങൾക്ക് സന്ദർശിക്കാവുന്നതാണ്. ആഫ്രിക്ക, ഏഷ്യ, ആസ്ട്രേലിയ പോലുള്ള സ്ഥലങ്ങളിലുള്ള അഹ്മദി മുസ്‌ലിം പെൺകുട്ടികളുടെ ഇന്റർവ്യൂ എടുത്ത് കൊണ്ട് നിങ്ങൾക്ക് ആരംഭം കുറിക്കാവുന്നതാണ്.

നബി(സ)തിരുമേനി പറഞ്ഞത് ദീനിന്റെ പകുതി ആഇശായിൽനിന്ന് പഠിക്കാനാണ്. ഇതിന്റെ അർഥം ഒരു മുസ്‌ലിം സ്ത്രീക്ക് ദീനീപരമായ അറിവുണ്ടെന്നാണ്. ദീനീ അറിവിൽ അവഗാഹമുണ്ടെന്നാണ്.

സ്ത്രീയ്ക്ക് ഇസ്‌ലാമിൽ വലിയ ശ്രേഷ്ഠതയുണ്ട്. വലിയ സ്ഥാനമുണ്ട്. നബി(സ) തിരുമേനി പറഞ്ഞത്, മാതാക്കളുടെ കാൽപാദത്തിൻകീഴിലാണ് സ്വർഗം എന്നാണ്.

ഇനി നിങ്ങളുടെ അടുത്ത പുസ്തകം 'വുമൺ ഇൻ ഇസ്‌ലാം' എന്നതായിരിക്കട്ടെ.

നിങ്ങൾ പാക്കിസ്താനിലെ അഹ്മദി മുസ്‌ലിം സ്ത്രീകളിൽനിന്ന് ഇന്റർവ്യൂ എടുക്കുകയാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാകും കാര്യം.

പ്രൊഫസർ സാഹിബ് മാർഗദർശനം നല്കിയതിന് ഹുദൂറിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഇപ്പോഴെനിക്ക് പുതിയ ഗ്രന്ഥം എഴുതാനുള്ള മാർഗദർശനം ലഭിച്ചു കഴിഞ്ഞു.

ഹുദൂർ യൂ കെ യിലെ പീസ് സിമ്പോസിയത്തിൽ ചെയ്ത തന്റെ പ്രഭാഷണത്തിൽ പ്രൊഫസർ കാൻസിഡൈനിന്റെ റഫറൻസും നല്കിയിരുന്നു.

**ഹുദൂർ:** ശേഷം ഞാൻ പ്രൊഫസർ കാൻസിഡൈനിന്റെ ഒരു ട്വീറ്റും കണ്ടിരുന്നു. അതിൽ ഞാൻ പ്രഭാഷണത്തിൽ സൂചിപ്പിച്ചിരുന്ന വിവരം ലഭിച്ചു എന്ന് അറിയിച്ചിട്ടുണ്ട്.

പ്രൊഫസർ കാൻസിഡൈൻ: 'ഇത്രയും വലിയ ഒരു വ്യക്തി എന്റെ കാര്യം റഫറൻസായി ഉപയോഗിച്ചു എന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.'

ഹുദൂർ പ്രൊഫസർ അൽബദാവിയോട് ചോദിച്ചു: 'താങ്കളുടെ നാട് എവിടെയാണ്?'

അൽബദാവി: പിതാവിന്റെ നാട് മലേഷ്യയാണ്. മാതവിന്റെ നാട് ഈജിപ്റ്റും.

**ഹുദൂർ:** ഈ ബാക്ക് ഗ്രൗണ്ടുള്ളപ്പോൾ നിങ്ങൾ അറബി ഭാഷയിൽ വിദഗ്ദനാകണമല്ലോ?

പ്രൊഫസർ അൽഅബാദി: അടിസ്ഥാനപരമായി അറബി ഭാഷയിൽ പരിജ്ഞാനമുണ്ട്. എന്നല്ല, അറബി ഭാഷയും സാഹിത്യവും പഠിപ്പിച്ചു കൊണ്ടിരുന്നതാണ്.

**ഹുദൂർ** ഇരുവരോടും: യൂ കെ ജൽസയിൽ വരിക. അവിടെ ലോകരാജ്യങ്ങളിൽ നിന്ന് ആളുകൾ വരുന്നു. നാല്പതിനായിരത്തോളം വ്യക്തികൾ പങ്കെടുക്കാറുണ്ട്. ഈ വർഷം 2019 ആഗസ്റ്റിലെ ആദ്യ ആഴ്ചയിൽ ജൽസ നടക്കും.

പ്രൊഫസർ കാൻസിഡൈൻ: ഹുദൂറിനെ കാണാൻ വരുന്നതിന്ന് മുമ്പേ യൂ കെ ഹ്യുമാനിറ്റിഫസ്റ്റിനുവേണ്ടി നിർവ്വഹിച്ച ഒരു പ്രഭാഷണം ഞങ്ങൾ കേട്ടിരുന്നു. പ്രഭാഷണത്തിൽ ഹുദൂർ ഒരു ഹദീഥ് സമർപിച്ചിരുന്നു: 'ഞാൻ വിശക്കുന്നവനായിരുന്നു. ഞാൻ ദാഹിയായിരുന്നു. നഗ്നനായിരുന്നു, നിങ്ങളെനിക്ക് ഭക്ഷണം നല്കിയില്ല, വെള്ളം നല്കിയില്ല.വസ്ത്രം നല്കിയില്ല.'

എനിക്ക് വളരെയധികം അഹ്മദി സുഹൃത്തുക്കളുണ്ട്. എനിക്ക് അവരുമായി വളരെ നല്ല ബന്ധവുമുണ്ട്.

പ്രൊഫസർ അൽഅബാദി: ഞാൻ എന്റെ പ്രസംഗത്തിൽ ജിഹാദിനെ സംബന്ധിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണത്തെയാണ് അവതരിപ്പിക്കുന്നത്.'

**ഹുദൂർ:** നിങ്ങൾ ചാർട്ടർ ഓഫ് മദീന നടപ്പിലാക്കുകയാണെങ്കിൽ സമ്പൂർണ സമാധാനമുള്ള ഒരു ജനത രൂപപ്പെടുന്നതാണ്. ഇന്ന് മുസ്‌ലിം ലോകം ഇതനുസരിച്ച് ഒട്ടും പ്രവർത്തിക്കുന്നില്ല. എന്നാലിത്, മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള ആദ്യ നിയമമാണ്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സമൂഹം സമാധാനത്തിന്റെ ഗേഹമായി മാറുന്നതാണ്.

ഇപ്പോൾ പാക്കിസ്താനിൽ ഇംറാൻ ഖാൻ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നടപ്പിലാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല.

നബി(സ)തിരുമേനി ഹജ്ജത്തുൽ വിദായിൽ നല്കിയ പ്രഭാഷണം ചാർട്ടർ ഓഫ് ഹ്യൂമൻറൈറ്റ്സ് ആണ്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഒരു വിഭാഗത്തിനോടും ഒരു സമുദായത്തിനോടും അവകാശ ധ്വംസനം നടത്താൻ കഴിയില്ല. ആരുടെമേലും അന്യായം ഉണ്ടാകില്ല.

മദീന ചാർട്ടറും ഹജ്ജത്തുൽ വിദായിലെ പ്രഭാഷണവും യഥാർഥ ഇസ്‌ലാമാണ്. ഇത് അടിസ്ഥാനമാണ്. യഥാർഥ ഇസ്‌ലാമാണ്. ചാർട്ടർ ഓഫ് മദീനയിൽ ഭരണരീതിയെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. വിടവാങ്ങൽ പ്രസംഗത്തിൽ മാനുഷിക മൂല്യങ്ങളുടെ സ്ഥാപനവും മനുഷ്യാവകാശങ്ങളോടുള്ള ആദരവും അടങ്ങുന്ന അധ്യാപനം കാണാം.

അൽഅബാദി: ഞാൻ ഹുദൂറിനെ റൈസ് യൂണിവേഴ്സിറ്റിയിലെ ബേക്കർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പ്രഭാഷണത്തിന് ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ഇത് വിവിധ മാർഗദർശികളെ ക്ഷണിക്കുന്ന വിശ്വസ്തമായ സ്ഥാപനമാണ്.

**ഹുദൂർ:** ഭാവിയിൽ ഒരു പക്ഷേ സന്ദർശനാവസരത്തിൽ ഉണ്ടാക്കുന്ന ഷെഡ്യൂൾ അനുസരിച്ച് ഇത് ചെയ്യാൻ കഴിയും.

പ്രൊഫസർ കാൻസിഡൈൻ സാഹിബിനോടു താങ്കൾ കത്തോലിക്ക മതമനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് ഹുദൂർ ചോദിച്ചു.

പ്രൊഫസർ കാൻസിഡൈൻ: ഞാൻ എന്റെ മതമനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

അദ്ദേഹം ഐറിഷ് ജനതയിൽപ്പെട്ട വ്യക്തിയാണ്.

**ഹുദൂർ:** മതമനുസരിച്ച് പ്രവർത്തിക്കുന്ന വ്യക്തി ഉത്തമനാണ്. മതം ഏതുമാകട്ടെ!


ഈ കൂടിക്കാഴ്ച 5.50 വരെ നീണ്ടുനിന്നു. ഒടുവിൽ രണ്ടുപേരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യമടങ്ങി. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

(തുടരും)

ബദർ
വീക്കിലി ഖാദിയാൻ
Weekly
BADAR Qadian
Malayalam

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin